21
2021
സെപ്റ്റംബർ
ചൊവ്വ
1197
കന്നി 5


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391


തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 156 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-156 പേജ് 4. വില 2.00 രൂപ




02 ഐഎസ്ഐക്കു വിവരങ്ങൾ കൈമാറിയ ചാരനെ പിടികൂടി
03 കുഞ്ഞുങ്ങൾക്കായി പുതിയ വാക്സിൻ: ന്യുമോകോക്കൽ കോൺജുഗേറ്റ്
04 ഡെങ്കിപനിക്കെതിരെയും ജാഗ്രത വേണം ജില്ലാ കലക്ടർ

# കേരള മാരിടൈംബോർഡിൽ കോടികളുടെ കിലുക്കം

**യേശുദാസ് വില്യം**



കേരള മാരിടൈം ബോർഡിന്റെ ഒരുകൊല്ലത്തെ വരുമാനം നൂറു കോടി കവിഞ്ഞു. വികസനക്കുതിപ്പിൽ വരുമാനം പതിൻമടങ്ങു വർദ്ധിക്കുമെന്നു വിലയിരുത്തൽ.

തിരുവനന്തപുരം. കേരള മാരിടൈം ബോർഡ് രണ്ടാം പിണറായി മന്ത്രി സഭയുടെ വികസന മുഖമുദ്രയാവുന്നു.തുടർഭരണത്തിന്റെ തുടക്കം കോസ്റ്റൽ ഷിപ്പിംഗ് സർക്യൂട്ട് യാഥാർത്ഥ്യമാക്കിക്കൊണ്ടായിരുന്നു ..ഇക്കഴിഞ്ഞ ദിവസം കോസ്റ്റൽ ഷിപ്പിംഗ് സർക്യൂട്ടിൽ കൊല്ലം തുറമുഖത്തിന്റെ പേരു കൂടി എഴുതിച്ചേർത്തപ്പോൾ തീരക്കടലിലൂടെയുള്ള ചരക്കു നീക്കവും,സഞ്ചാരവും കേരള തീരത്ത് പൂർണ്ണമാവുകയാണ്.നിലവിൽ ബേപ്പൂർ,അഴീക്കൽ,കൊച്ചി,കൊല്ലം എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ടാണ് ഷിപ്പിംഗ് സർക്യൂട്ട് നിലവിലുള്ളത്. കപ്പൽഗതാഗതവും ചരക്കു നീക്കവും കേരള തീരത്തെ തുറമുഖങ്ങളിൽ വികസനോൻമുഖ പശ്ചാത്തലം സൃഷ്ടിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുമെന്നകാര്യത്തിൽ സംശയമില്ല. ടൂറിസം മുഖ്യമായുള്ള നിരവധി അനുബന്ധ വികസനങ്ങളാണ് കേരള മാരിടൈം ബോർഡും,വിവിധ വകുപ്പുകളും ചേർന്ന് വിഭാവന ചെയ്തിട്ടുള്ളത്.

രണ്ടു മാസത്തിനുള്ളിൽ വിഴിഞ്ഞം തുറമുഖത്തെയും ഷിപ്പിംഗ് സർക്യൂട്ടിൽ ഉൾപ്പെടുത്തുമെന്ന് കൊല്ലം തുറമുഖത്തെ പരിപാടി ഉൽഘാടനം ചെയ്തുകൊണ്ടു തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ പ്രഖ്യാപിച്ചു. ഇതോടെ കേരള തീരത്ത് പൂർണ്ണമായും തീരക്കടലിലൂടെയുള്ള യാത്രയും,ടൂറിസവും,ചരക്കു നീക്കവും യാഥാർത്ഥ്യമാവും.വിഴിഞ്ഞത്ത് കേരള മാരിടൈം ബോർഡ് നടപ്പിലാക്കിയ ക്രൂ ചെയിംഞ്ച് മികച്ചനിലയിൽ വിജയിക്കുകയും ആഗോള തലത്തിൽ ശ്രദ്ധനേടുകയും ചെയ്തത് കോവിഡ് മഹാമാരിക്കാലത്താണ്.നിലവിൽ അഞ്ഞൂറിലേറെ ക്രൂ ചെയിംഞ്ചുകൾ വിജയകരമായി നടപ്പിലാക്കി.വരുമാനം ആറു കോടിയിലേറെയാണെന്ന് മാരി ടൈം ബോർഡ് വൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നു.

തുറമുഖങ്ങളിലെ മണൽ വാരൽ ഓൺലൈനിലേക്ക് കൊണ്ടുവന്നതും,അനുബന്ധപ്രവർത്തനങ്ങളൊക്കെ ഡിജറ്റൽ സംവിധാനത്തിലേക്ക് മാറ്റിയതും അഴിമതി രഹിതമാക്കുവാനും പ്രവർത്തനങ്ങൾ സുതാര്യമാക്കുവാനും,വലിയ വരുമാന വർദ്ധനയ്ക്കും സാധിച്ചു.കേരള മാരിടൈം ബോർഡ് പ്രവർത്തനങ്ങളിലൂടെ നൂറു കോടി ലാഭമുണ്ടാക്കിയെന്നത് വരും നാളുകളിൽ പിണറായി സർക്കാരിന്റെ വികസനത്തിനും സത്യസന്ധമായ സേവനത്തിനുമുള്ള അടയാളപ്പെടുത്തലാകുമെന്നകാര്യത്തിൽ സംശയമില്ല.

സർക്കാരിന്റെ തുടക്കത്തിൽ റിലീസ് ചെയ്ത മാരിടൈം ബോർഡിന്റെ വികസന നയരേഖ പ്രകാരം അഞ്ചു കൊല്ലം കൊണ്ടു നടപ്പിലാക്കേണ്ട പദ്ധതികളുടെ തുടക്കം മാത്രമാണിതെന്ന് മാരിടൈം ബോർഡ് ചെയർമാൻ.അഡ്വ.വി.ജെ.മാത്യു ചൂണ്ടിക്കാട്ടുന്നു.



## 27ന് ഭാരത് ബന്ദ്; കേരളത്തിൽ ഹർത്താലായി ആചരിക്കാൻ തീരുമാനം

തിരുവനന്തപുരം: ഈ മാസം 27ലെ ഭാരത് ബന്ദ് സംസ്ഥാനത്ത് ഹർത്താലായി ആചരിക്കാൻ സംയുക്ത ട്രേഡ് യൂണിയൻ സമിതി തീരുമാനിച്ചു. രാവിലെ ആറുമുതൽ വൈകുന്നേരം ആറുവരെയാണ് ഹർത്താൽ.

പത്ത് മാസമായി ഇന്ത്യയിലെ കർഷകർ നടത്തുന്ന പ്രക്ഷോഭത്തിന് പരിഹാരമുണ്ടാക്കാൻ ഒരു നടപടിയും സ്വീകരിക്കാത്ത പശ്ചാത്തലത്തിലാണ് ബിജെപി സർക്കാരിനെതിരെ രാജ്യം മുഴുവനായി ഭാരത് ബന്ദ് സംഘടിപ്പിക്കുന്നത്.

വ്യാപാരി സമൂഹവും ഹർത്താലിനോട് സഹകരിക്കണമെന്ന് സംയുക്തസമിതി അഭ്യർഥിച്ചു. പത്രം, പാൽ, ആംബുലൻസ്, മരുന്നു വിതരണം, ആശുപത്രി പ്രവർത്തനം, വിവാഹം, രോഗികളുടെ സഞ്ചാരം, മറ്റ് അവശ്യ സർവീസുകൾ എന്നിവയെ ഹർത്താലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## ഡോ.വിറ്റ്നി ഫേൺസിന് ഫോറൻസിക് മെഡിസിനിൽ ചരിത്രവിജയം

**യേശുദാസ് വില്യം**



തിരുവനന്തപുരം. ഡോ.വിറ്റ്നി ഫേൺസിന് ചരിത്ര വിജയം.കേരള യൂണിവേഴ്സിറ്റി ആരോഗ്യ വിഭാഗത്തിൽ ഫോറൻസിക് മെഡിസിനിൽ ഒന്നാം റാങ്കും,ഡിസ്റ്റിങ്ഷനും നേടിയെടുത്തുകൊണ്ടാണ് പോസ്റ്റ് ഗ്രാജ്വേറ്റ് പരീക്ഷയിൽ ഡോ.വിറ്റ്നി ഉന്നതവിജയം സ്വന്തമാക്കിയത്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ 1950 മുതലുള്ള ചരിത്രത്തിൽ ഫോറൻസിക് മെഡിസിനിൽ ഡിസ്റ്റിങ്ഷനോടെ ആദ്യമായി വിജയം കരസ്ഥമാക്കുന്ന റിക്കാർഡാണ് ഡോ.വിറ്റ്നി സ്വന്തമാക്കിയത്.കേരള ഫിഷറീസ് യൂണിവേഴ്സിറ്റി മുൻ രജിസ്ട്രാറും, കേരള അക്വാട്ടിക് ബയോളജി മേധാവിയും,പരിസ്ഥിതി ശാസ്ത്രജ്ഞയുമായ ഡോ.ട്രീസ വിക്ടോറിയ ഫെർണാന്റെസിന്റെ മകളാണ്.പിതാവ് പരേതനായ സാം.

മെഡിക്കൽ ഇതര വിദ്യാഭ്യാസരംഗത്ത് തനതായ പൈതൃകം പേറുന്ന ശക്തികുളങ്ങര തീരത്തെ അത്തിക്കൽ കുടുംബത്തിന്റെ പശ്ചാത്തലത്തിൽ നിന്നും വന്ന പിൻമുറക്കാരിയാണ്.ഡോ.വിറ്റ്നി ഫേൺസ്.പിന്നിട്ട വിദ്യാഭ്യാസ ഫോറങ്ങളിലെല്ലാം ഉന്നതവിജയം മുദ്രയാക്കിയ വിദ്യാർത്ഥിനിയാണ് ഡോ.വിറ്റ്നി.മൽസ്യബന്ധനം മാത്രം നടത്തി കുടുംബം പുലരുന്ന കാലത്ത് തീരത്തുനിന്നും വിദ്യാഭ്യാസത്തിന് കരുതൽ നൽകിയ അത്തിക്കൽ നീക്ലോസ് എന്ന സമർത്ഥനായ മൽസ്യത്തൊഴിലാളിയുടെ കഴ്ചപ്പാടിന്റെതും കൂടിയാണ് ഡോ.വിറ്റ്നി കരസ്ഥമാക്കിയ ഉന്നതവിജയം. അമ്മ ഡോ. ട്രീസ വിക്ടോറിയ ഫെർണാന്റെസ് ശക്തികുളങ്ങരയിലെ മൽസ്യത്തൊഴിലാളി കുടുംബത്തിൽ നിന്നും ഉന്നതമായ നിലയിൽ വിദ്യാഭ്യാസം നേടി.ഇഗ്ലണ്ടിലെ ഹൾ യൂണിവേഴ്സിറ്റിയിൽ നിന്നും സമുദ്രശാസ്ത്ര പഠനത്തിൽ ഡോക്ടറേറ്റ് നേടിക്കൊണ്ട് ആദ്യമായി ഡോക്ടറേറ്റ് നേടുന്ന ശക്തികുളങ്ങരയിലെ വനിതയായി പുതിയ തലമുറക്ക് വിദ്യാഭ്യാസരംഗത്ത് ആവേശവും പ്രചോദനവുമായി.കേരളത്തിലെ കണ്ടൽ കാടുകളെക്കുറിച്ചും,നമ്മുടെ മൽസ്യസമ്പത്തിനെക്കുറിച്ചും ഡോ.ട്രീസയുടെ ആധികാരിക പഠനങ്ങളുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറും ന്യൂറോ ഫിസിഷനുമായ ഡോ.പ്രവീൺ പ്രഭാകറാണ് ഡോ.വിറ്റ്നിയുടെ ഭർത്താവ്.ഏകമകൻ സിദ്ധാർത്ഥ്.

## ലഹരിക്കടത്തിനായി കള്ളപ്പണം വെളുപ്പിച്ചു; ബിനീഷ് കോടിയേരിക്കെതിരേ ഗുരുതര ആരോപണം

ബംഗളൂരു: ബിസിനസിൻറെ മറവിൽ ലഹരി കടത്തിനായി ബിനീഷ് കോടിയേരി കള്ളപ്പണം വെളുപ്പിച്ചെന്ന് എൻഫോഴ്സ്മെൻറ് ഡയറക്ട്രേറ്റ്. ബിനീഷിൻറെ ജാമ്യാപേക്ഷ എതിർത്താണ് ഇഡിയുടെ ഗുരുതര ആരോപണം. ബിനീഷ് കോടിയേരി ലഹരി കടത്തിനായി സാമ്പത്തിക ഇടപാടുകൾ നടത്തിയെന്നും ലഹരിയിടപാടിലെ ലാഭത്തുകയാണ് ബിനീഷിൻറെ അക്കൗണ്ടിലുണ്ടായിരുന്ന കള്ളപ്പണമെന്നുമാണ് ഇഡി കർണാടക ഹൈക്കോടതിയിൽ വാദിച്ചത്. ലഹരികടത്ത് കേസിൽ ജയിലിൽ കഴിയുന്ന മുഹമ്മദ് അനൂപ്, ബിനീഷ് കോടിയേരിയുടെ പങ്കാളിയാണെന്നും ബിനീഷിൻറെ ജാമ്യാപേക്ഷയെ എതിർത്ത് ഇഡി കോടതിയിൽ വാദിച്ചു. കേസ് ഈ മാസം 23 ന് വീണ്ടും പരിഗണിക്കും.

# പ്ലസ് വൺ പരീക്ഷ: സ്കൂളിനുള്ളിലേക്ക് പ്രവേശനത്തിന് ഒറ്റ കവാടം

തിരുവനന്തപുരം: ഈ മാസം 24ന് ആരംഭിക്കുന്ന പ്ലസ് വൺ പരീക്ഷയ്ക്ക് വിപുലമായ ഒരുക്കങ്ങളുമായി വിദ്യാഭ്യാസ വകുപ്പ്. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ സ്കൂൾ പരിസരത്തും പരീക്ഷാ ഹാളിലും പ്രത്യേക സുരക്ഷാ സംവിധാനങ്ങളാണ് വിദ്യാഭ്യാസ വകുപ്പ് ഒരുക്കുക.

വിദ്യാർഥികൾക്ക് സ്കൂളിലേക്ക് ഒരു പ്രവേശന കവാടത്തിലൂടെ മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. പ്രവേശന കവാടത്തിൽ തന്നെ സാനിറ്റൈസർ നൽകാനും തെർമൽ സ്കാനർ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധിക്കാനും ക്രമീകരണം ഉണ്ടാവും.

പരീക്ഷാ അനുബന്ധ പ്രവർത്തനങ്ങൾക്ക് അനധ്യാപക ജീവനക്കാർ, പിടിഎ അംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ എസ്എസ്കെ ജീവനക്കാർ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തും. പരീക്ഷയ്ക്കായി വിദ്യാർഥികൾക്ക് യൂണിഫോം നിർബന്ധമല്ല.

പരീക്ഷാ ദിവസങ്ങളിൽ സ്കൂൾ കോന്പൗണ്ടിൽ കുട്ടികൾ സാമൂഹിക അകലം പാലിക്കുന്നുണ്ടെ ന്നും മാസ്ക് ധരിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തും. കുട്ടികൾക്ക് പരസഹായം കൂടാതെ പരീക്ഷാഹാളിൽ എത്തിച്ചേരാനായി പ്രവേശന കവാടത്തിൽ തന്നെ എക്സാം ഹാൾ ലേ ഔട്ട് പ്രദർശിപ്പിക്കും.

പരീക്ഷയ്ക്ക് മുന്പും ശേഷവും വിദ്യാർഥികൾ കൂട്ടം കൂടില്ലെന്നു ഉറപ്പാക്കും. കോവിഡ് പോസിറ്റീവ് ആയ വിദ്യാർഥികൾ പരീക്ഷയ്ക്ക് ഹാജരാകുന്നുവെങ്കിൽ വിവരം മുൻകൂട്ടി ആരോഗ്യ പ്രവർത്തകരെ അറിയിക്കുകയും വിദ്യാർഥികൾക്കും ബന്ധപ്പെട്ട ഇൻവിജിലേറ്റർമാർക്കും പിപിഇ കിറ്റ് ലഭ്യമാക്കാനുള്ള നടപടി ചീഫ് സൂപ്രണ്ടുമാർ സ്വീകരിക്കണം. ഈ കുട്ടികൾ പ്രത്യേക ക്ലാസ് മുറിയിൽ ആയിരിക്കും പരീക്ഷ എഴുതേണ്ടത്.

ശരീരോഷ്മാവ് കൂടുതലുള്ള വിദ്യാർഥികളും ക്വാറൻറൈനിൽ ഉള്ള വിദ്യാർഥി



കളും പ്രത്യേകം ക്ലാസ് മുറികളിൽ പരീക്ഷ എഴുതണം. ക്ലാസ്മുറികളിൽ പേന, കാൽക്കുലേറ്റർ ഉൾപ്പെടെയുള്ള വ കൈമാറ്റം അനുവദിക്കുന്നതല്ല. കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിലേക്കായി എല്ലാ വിദ്യാലയങ്ങളിലും മേഖലാ ഉപമേധാവിമാരുടെ നേതൃത്വത്തിൽ മൈക്രോ പ്ലാൻ തയാറാക്കണം.

ശീതീകരിച്ച ക്ലാസ് മുറികൾ പരീക്ഷയ്ക്ക് ഉപയോഗിക്കുന്നതല്ല. വായുസഞ്ചാരം ഉള്ളതും വെളിച്ചം ഉള്ളതുമായ ക്ലാസ് മുറികളാണ് പരീക്ഷയ്ക്ക് ഉപയോഗിക്കുക.

# 12 കോടി അടിച്ചത് സെയ്തലവിക്കല്ല, ആ ഭാഗ്യവാൻ കൊച്ചിക്കാരൻ ജയപാലൻ..!

കൊച്ചി: വീണ്ടും ടിസ്റ്റ്.. കേരളം തിരയുന്ന ആ ഭാഗ്യവാനെ ഒടുവിൽ കണ്ടെത്തി. തൃപ്പൂണിത്തുറ മരട് സ്വദേശി ജയപാലൻ എന്ന ഓട്ടോ ഡ്രൈവർക്കാണ് തിരുവോണം ബംപർ ലോട്ടറിയുടെ ഒന്നാം സമ്മാനമായ 12 കോടി അടിച്ചത്.

ഈ മാസം പത്തിനാണ് ജയപാലൻ ടിക്കറ്റെടുത്തത്. ലോട്ടറി ടിക്കറ്റ് കാനറ ബാങ്കിൽ കൈമാറി. നേരത്തെ ദുബായിൽ ജോലി ചെയ്യുന്ന സെയ്തലവിക്കാണ് 12 കോടി അടിച്ചതെന്ന അവകാശവാദം ഉയർന്നിരുന്നു. കോഴിക്കോടുള്ള സുഹൃത്താണ് സെയ്തലവിക്ക് വേണ്ടി ടിക്കറ്റെടുത്തത് എന്നായിരുന്നു അവകാശവാദം. എന്നാൽ സെയ്തലവിയെ സുഹൃത്തുക്കൾ പറ്റിയ്ക്കുകയായിരുന്നു എന്നാണ് ഇപ്പോൾ വരുന്ന റിപ്പോർട്ടുകൾ. തൃപ്പൂണിത്തുറയിൽ വിറ്റ ലോട്ടറി ടിക്കറ്റിനാണ് ഒന്നാം സമ്മാനമെന്ന് ഞായറാഴ്ച തന്നെ സ്ഥിരീകരണം വന്നിരുന്നു. എന്നാൽ ഇതുവരെ ഭാഗ്യശാലിയെ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.

## ട്രെയിനിൽ പരിചയപ്പെട്ടു പീഡനം; യുവാക്കൾ അറസ്റ്റിൽ

പത്തനംതിട്ട: ട്രെയിനിൽ വച്ചു പരിചയപ്പെട്ട യുവതിയെ വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ച കേസിൽ രണ്ടു പേരെ പോലീസ് അറസ്റ്റ് ചെയ്തു. മെഴുവേലി സ്വദേശിനിയുടെ പരാതിയിൽ തിരുവനന്തപുരം സ്വദേശികളാണ് അറസ്റ്റിലായത്. തിരുവനന്തപുരം പൗഡിക്കോണം കേരളാദിത്യപുരം ബഥേൽ ഹൗസിൽ വി.എസ്. അമൽ (25), നാലാഞ്ചിറ വയമ്പകോണം അവിട്ടം വീട്ടിൽ ജെ.എസ്. അതുൽ (24) എന്നിവരാണ് അറസ്റ്റിലായത്.

ട്രെയിൻ യാത്രയ്ക്കിടെ അമൽ പരിചയപ്പെട്ട യുവതിയെ വിവാഹ വാഗ്ദാനം നൽകി ബംഗളൂരുവിലെത്തിച്ച് ബംഗളൂരുവിലെത്തിച്ച യുവതിയെ അതുലുമായി ചേർന്നു പീഡിപ്പിച്ചുവെന്നാണ് പരാതി. പിന്നീടു മുങ്ങിയ പ്രതികൾ പല സ്ഥലങ്ങളിലായി ഒളിവിൽ കഴിഞ്ഞു. ഇവർ മൊബൈൽ നമ്പർ മാറി ഉപയോഗിച്ചതിനാൽ കണ്ടെത്താൻ ബുദ്ധിമുട്ടായെന്നു പോലീസ് പറഞ്ഞു. ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരം പോലീസ് പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചിരുന്നു. അമലിനെ തുമ്പയിൽനിന്നും അതുലിനെ നാലാഞ്ചിറയിൽനിന്നുമാണ് പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ ഇരുവരെയും റിമാൻഡ് ചെയ്തു.

## പള്ളിത്തർക്കം: സർക്കാർ നിലപാട് അറിയിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: ഓർത്തഡോക്സ്യാക്കോബായ കേസുകളിൽ സർക്കാരിന് ഹൈക്കോടതിയുടെ മുന്നറിയിപ്പ്. ക്രമസമാധാന പ്രശ്നത്തിൻറെ പേരിൽ കോടതി ഉത്തരവ് നടപ്പാക്കാതിരിക്കരുതെന്ന് ഹൈക്കോടതി ഉത്തരവിട്ടു.

ഇരുസഭകളും തമ്മിലുള്ള ഭിന്നത അതിതീവ്രമെന്നു ജസ്റ്റീൻ ദേവൻ രാമചന്ദ്രൻ നിരീക്ഷിച്ചു. തർക്കത്തിൻറെ പേരിൽ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുള്ള കേസുകളിൽ 29ന് മുമ്പ് നിലപാട് അറിയിക്കാൻ സർക്കാരിന് ഹൈക്കോടതി നിർദ്ദേശം നൽകി.



ഐ. എം. ജിയിൽ ആരംഭിച്ച മന്ത്രിസഭാംഗങ്ങൾക്കുള്ള ത്രിദിന പരിശീലന പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു , 20/09/2021

# സർക്കാർ അധികാരത്തിലേറിക്കഴിഞ്ഞാൽ മുന്നിലുള്ളത് ജനങ്ങൾ മാത്രം: മുഖ്യമന്ത്രി

## പാവപ്പെട്ടവരുടെ കാര്യങ്ങൾക്ക് മുൻഗണന നൽകണം

തിരുവനന്തപുരം: പാവപ്പെട്ട ആളുകളുടെ കാര്യങ്ങൾക്ക് മന്ത്രിമാർ മുൻഗണന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം ഐഎംജിയിൽ നടക്കുന്ന മന്ത്രിസഭാംഗങ്ങൾക്കുള്ള പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മന്ത്രിമാരുടെ മുന്നിലെത്തുന്ന ചില കടലാസുകൾ അങ്ങേയറ്റം പാവപ്പെട്ടവരുടേതായിരിക്കും. ഇതിന് മുൻഗണന നൽകുന്നു എന്നത് ഈ സർക്കാരിന്റെ ഏറ്റവും വലിയ പ്രത്യേകതയായി കാണണം. തെരഞ്ഞെടുപ്പിൽ ചേരി തിരിഞ്ഞ് മത്സരിച്ചു. സർക്കാരിനെ അധികാരത്തിലേറ്റാനും അധികാരത്തിലേറ്റാതിരിക്കാനും ശ്രമിച്ചവരുണ്ട്. എന്നാൽ സർക്കാർ അധികാരത്തിലേറിക്കഴിഞ്ഞാൽ ഈ രണ്ടു ചേരികളുമില്ല. പിന്നീട് മുന്നിലുള്ളത് ജനങ്ങൾ മാത്രമാണ്. അപ്പോൾ ഏതെങ്കിലും തരത്തിലെ പക്ഷപാതിത്വം പാടില്ലെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രിമാർക്ക് ജനങ്ങൾക്കിടിൽ പ്രവർത്തിച്ചതിന്റെ അനുഭവ പരിചയം ഉണ്ടാവും. ഭരണപരമായ കാര്യങ്ങളിൽ മന്ത്രിമാരെപ്പോലെതന്നെ ഉദ്യോഗസ്ഥരുടെ പങ്കും പ്രധാനമാണ്. ഉദ്യോഗസ്ഥർക്ക് മാത്രമായി കാര്യങ്ങൾ നടപ്പാക്കാനാവില്ല. ഉദ്യോഗസ്ഥരുടെ അഭിപ്രായം നല്ലതാണെന്ന് കണ്ടാൽ അത് മന്ത്രിമാർ സ്വീകരിക്കണം. കേരളത്തിന്റെ അഭിമാന പദ്ധതിയായ ലൈഫിന്റെ ആശയം മുന്നോട്ടു വച്ചത് ഒരു ഉദ്യോഗസ്ഥനായിരുന്നു. മുഖ്യമന്ത്രി പറഞ്ഞു.

പലതരം അഭിപ്രായങ്ങൾ വരുമ്പോൾ ഏത് സ്വീകരിക്കണമെന്ന് ആശയക്കുഴപ്പം ഉണ്ടായേക്കാം. അതിന് കൃത്യമായ നിയമങ്ങളും ചട്ടങ്ങളും അറിഞ്ഞിരിക്കുക പ്രധാനമാണ്. എന്നാൽ കാലഹരണപ്പെട്ട ചട്ടങ്ങൾക്ക് പകരം പുതിയവ വേണ്ടി വരും. പ്രവർത്തനങ്ങൾക്കിടയിൽ വരുന്ന പ്രതിസന്ധികളെ സമചിത്തതയോടെ തരണം ചെയ്യണം. മുൻ സർക്കാരിന്റെ കാലത്തേതു പോലെ ഓരോ വർഷവും പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കണം. നൂറുദിന പരിപാടികൾ നല്ലരീതിയിൽ വിജയിപ്പിക്കാനായെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രിമാർ, ചീഫ് സെക്രട്ടറി ഡോ. വി പി ജോയ്, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ, ഐഎംജി ഡയറക്ടർ കെ ജയകുമാർ, മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി മിർ മുഹമ്മദ് അലി എന്നിവർ സംബന്ധിച്ചു.

മൂന്നു ദിവസത്തെ പരിശീലനമാണ് ഐഎംജിയിൽ നടക്കുന്നത്. മുൻ ക്യാബിനറ്റ് സെക്രട്ടറി കെഎം ചന്ദ്രശേഖർ ഭരണസംവിധാനത്തെക്കുറിച്ച് വിശദീകരിച്ചു. ദുരന്തനിവാരണ വേളകളിലെ വെല്ലുവിളികളെക്കുറിച്ച് യുഎൻ ദുരന്ത ലഘൂകരണ വിഭാഗം മേധാവി മുരളി തുമ്മാരുകുടി ജനീവയിൽ നിന്ന് ഓൺലൈനിൽ മന്ത്രിമാരുമായി സംവദിച്ചു. ഒരു ടീമിനെ നയിക്കുന്നത് സംബന്ധിച്ച് ഐഐഎം മുൻ പ്രൊഫസറും മാനേജീരിയൽ കമ്മ്യൂണിക്കേഷൻ കൺസൾട്ടന്റുമായ പ്രൊഫ. മാത്തുക്കുട്ടി എം മോനിപ്പള്ളി സംസാരിച്ചു.

# ഫൈസർ വാക്സിൻ കുട്ടികളിൽ ഫലപ്രദം

ബെർലിൻ: കോവിഡ് പ്രതിരോധ വാക്സിനായ ഫൈസർ കുട്ടികളിൽ ഫലപ്രദമാണെന്ന് നിർമ്മാതാക്കൾ. അ!ഞ്ചു മുതൽ 11 വയസുവരെയുള്ള കുട്ടികളിൽ വാക്സിൻ ഉപയോഗിക്കുന്നത് സുരക്ഷിതമാണെന്നും ക്ലിനിക്കൽ പരീക്ഷണത്തിലൂടെ പ്രതിരോധ ശേഷി കൈവരിച്ചതായി കണ്ടെത്തിയെന്നും നിർമ്മാതാക്കളായ ഫൈസറും ബയോ എൻടെക്കും തിങ്കളാഴ്ച സംയുക്തമായി പുറത്തിറക്കിയ പ്രസ്താവനയിൽ വ്യക്തമാക്കി. കുട്ടികളിൽ വാക്സിൻ കുത്തിവയ്പ്പ് നടത്തുന്നതിന് വേണ്ടിയുള്ള അനുമതിക്കായി യൂറോപ്യൻ യൂണിയനെ ഉടൻ സമീപിക്കുമെന്നും ഫൈസർ അറിയിച്ചു. മുതിർന്നവരിൽ 90 ശതമാനം ഫലപ്രാപ്തിയാണ് കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും കുട്ടികളിൽ എത്രത്തോളമുണ്ടെന്ന് വെളിപ്പെടുത്താൻ കമ്പനി തയാറായില്ല.

10 മൈക്രോ ഗ്രാമിന്റെ രണ്ട് ഡോസാണ് അഞ്ച് മുതൽ 11 വയസുവരെയുള്ള കുട്ടികളിൽ 21 ദിവസത്തിന്റെ ഇടവേളയിൽ കുത്തിവച്ചു പരീക്ഷണം നടത്തിയതെന്ന് ഫൈസർ സിഇഒ ആൽബെർട്ട് ബൗർള പറഞ്ഞു. ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ രോഗ പ്രതിരോധ ശേഷി വർധിച്ചതായും പാർശ്വഫലങ്ങളില്ലെന്നും സ്ഥിരീകരിക്കുകയും ചെയ്തു. വാക്സിന്റെ സുരക്ഷ കുട്ടികളിലേക്കും വ്യാപിപ്പിക്കുന്നതിനായി നമ്മൾ കാത്തിരിക്കുകയാണ്. എത്രയും വേഗം അത് നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. ജൂലൈ മുതൽ അമേരിക്കയിൽ മ കുട്ടികൾ കൂടുതലായി രോഗബാധിതരാവുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ആറ് മാസം മുതൽ അഞ്ചു വയസുവരെയുള്ള കുട്ടികൾക്കും ഈ വർഷം അവസാനത്തോടെ വാക്സിൻ തയാറാവുമെന്നും കമ്പനി വിശദീകരിച്ചു. അമേരിക്ക, ഫിൻലാന്റ്, പോളണ്ട്, സ്പെയിൻ എന്നീ നാല് രാജ്യങ്ങളിലായി നടക്കുന്ന ക്ലിനിക്കൽ പരീക്ഷണങ്ങൾക്കായി ഇതിനോടകം 4500 പേരെ തിരഞ്ഞെടുത്തു കഴി!ഞ്ഞെന്നും ഫൈസർ അറിയിച്ചു.

## കൂടുതൽ പേർക്ക് വാക്സിനേഷൻ: ക്യാമ്പുകളുമായി തദ്ദേശസ്ഥാപനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാക്സിനേഷൻ ഊർജ്ജിതമായി തുടരുന്നു. കാവനാട് അരവിള ഹോളി ഫാമിലി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ ക്യാമ്പ് നടന്നു. ഓൺലൈൻ, സ്പോട്ട് റജിസ്ട്രേഷനുകൾ വഴി 250 പേർക്ക് വാക്സിൻ നൽകി. കോവിഷീൽഡ് ആണ് നൽകിയത്.

പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ 30,000 പേർക്ക് വാക്സിൻ നൽകി. ഡി. സി. സി.യിൽ 10 രോഗികളാണ് നിലവിലുള്ളത്. 199 ആക്റ്റീവ് കേസുകൾ പഞ്ചായത്തിലുണ്ട്. വാർഡ്തല സമിതിയുടെ നേതൃത്വത്തിൽ നിരീക്ഷണം ശക്തമാക്കിയതായി പ്രസിഡന്റ് ആർ. ജയൻ പറഞ്ഞു.

തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൽ 14000 പേർ വാക്സിനേഷൻ സ്വീകരിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സേവ്യർ പറഞ്ഞു. കിടപ്പു രോഗികളായവർക്ക് വീടുകളിലെത്തി ആരോഗ്യപ്രവർത്തകർ വാക്സിനേഷൻ നൽകി വരുന്നു.

ചിറക്കര ഗ്രാമപഞ്ചായത്തിലെ എട്ടു വാർഡുകൾ നിലവിൽ അധിക നിയന്ത്രണത്തിലാണ്. രണ്ടു വാർഡുകളിലെ പ്രത്യേക പ്രദേശങ്ങൾ കണ്ടയിൻമന്റ് സോണിലാണ്. 21 പേർ ഗൃഹനിരീക്ഷണ കേന്ദ്രത്തിൽ. 12602 കോവിഡ് പരിശോധനകളാണ് പഞ്ചായത്തിൽ ഇതുവരെ നടത്തിയിട്ടുള്ളത്. 16200 പേർക്ക് ആദ്യ ഡോസ് വാക്സിൻ നൽകി. 5007 പേർക്ക് രണ്ട് ഡോസും എന്ന് പ്രസിഡന്റ് സി. സുശീലാ ദേവി പറഞ്ഞു. ആദിച്ചനല്ലൂരിൽ 23 പേരാണ് ഗൃഹനിരീക്ഷണകേന്ദ്രത്തിൽ ചികിത്സയിലുള്ളത്. കഴിഞ്ഞദിവസം 335 പേർക്ക് വാക്സിൻ ലഭ്യമാക്കിയതായി പ്രസിഡന്റ് എം. ഷീല അറിയിച്ചു.

# മതസൗഹാർദ്ദം കാത്തുസൂക്ഷിക്കാൻ ജാഗ്രത വേണമെന്ന് മതമേലധ്യക്ഷന്മാർ

തിരുവനന്തപുരം: മതസൗഹാർദ്ദം കാത്തുസൂക്ഷിക്കാൻ എല്ലാവരുടെയും ഭാഗത്ത് നിന്ന് ജാഗ്രതയുണ്ടാകണമെന്ന് മതാധ്യക്ഷന്മാരുടെ യോഗം. ഇതിനായി കൂട്ടായ്മ ശക്തിപ്പെടുത്താനും ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ ധാരണയായി.

സമൂഹത്തിന്റെ സൗഹാർദ്ദാന്തരീക്ഷത്തെ കലുഷിതമാക്കുന്ന വാക്കും പ്രവൃത്തിയും ഉണ്ടാകാതിരിക്കാൻ താഴെതട്ടിൽതന്നെ സംഘടിത ജാഗ്രതയുണ്ടാകണം. ഇതിനായുള്ള ശ്രമങ്ങൾക്ക് തുടക്കമിടാനും ചർച്ചകൾ തുടരാനും യോഗം തീരുമാനിച്ചതായും മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ബസോലിയോസ് മാർ ക്ലിമീസ് കത്തോലിക്ക ബാവ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എല്ലാ ചർച്ചകളും സദുദ്ദേശത്തോടെയായിരിക്കണം. സമുദായങ്ങളെ പരസ്പരം ബഹുമാനത്തോടെ കാണാനും മറ്റുള്ളവരുടെ വികാരങ്ങൾക്ക് മുറവേൽപ്പിക്കാതിരിക്കാനുമാകണം. ഇക്കാര്യത്തിൽ എല്ലാവരും കൃത്യമായ ശ്രദ്ധയും ജാഗ്രതയും ഉറപ്പാക്കണം. നാടിന്റെ സൗഹാർദ്ദാന്തരീക്ഷത്തിന് മുറിവേൽപ്പിക്കുന്ന നടപടികൾ ഒരു ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല.

യോഗത്തിൽ എല്ലാ സമുദായ സംഘടനകളുടെയും പ്രാതിനിധ്യം ഉറപ്പാക്കാൻ ആയിട്ടില്ലെന്ന് ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു. പാലാ ബിഷപ്പിന്റെ പരാമർശമായിരുന്നില്ല യോഗത്തിന്റെ പ്രധാന ചർച്ച. ഇപ്പോൾ പൊതുവിലുണ്ടായിട്ടുള്ള അസ്വാരസ്യങ്ങൾ ഒഴിവാക്കുന്നതിനുള്ള കൂട്ടായ്മകൾ രൂപപ്പെടുത്തുന്നതിനുള്ള ആലോചനകളാണ് നടന്നത്. സമാധാനഭംഗം ഒഴിവാക്കാനുള്ള കൂട്ടായ ശ്രമങ്ങളാണ് പരിഗണിച്ചത്. യോഗം സംബന്ധിച്ച് സർക്കാരുമായി ആശയവിനിമയമൊന്നും നടത്തിയിരുന്നില്ലെന്നും കർദ്ദിനാൾ പറഞ്ഞു. ചങ്ങനാശേരി ആർച്ച് ബിഷപ്പ് യോഗത്തിന് എത്തുമെന്ന് അറിയിച്ചിരുന്നുവെങ്കലും പങ്കെടുത്തില്ല.

ആരെയും കുറ്റപ്പടാത്താനോ മാറ്റിനിർത്താനോ ആഗ്രഹിക്കുന്നില്ലെന്ന് കർദ്ദിനാൾ പറഞ്ഞു. ഉയർന്നുവന്നിട്ടുള്ള പ്രശ്നത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ചുനിൽക്കണമെന്ന നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. മതമേലധ്യക്ഷന്മാരുടെ യോഗം വിളിച്ചാൽ അനുകൂലമായി പ്രതികരിക്കുമെന്നും അദ്ദേഹം പറഞ്ഞു. മയക്കുമരുന്നിനെ മയക്കുമരുന്ന് എന്നുതന്നെ വിളിക്കുന്നതാണ് അഭികാമ്യമെന്നാണ് നിലപാടെന്നും ചോദ്യത്തിന് മറുപടിയായി അദ്ദേഹം വ്യക്തമാക്കി.

ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, മുസ്ലിം യൂത്ത് ലീഗ് പ്രസിഡന്റ് പ്രസിഡന്റ് പാണക്കാട് മുനവറലി ഷിഹാബ് തങ്ങൾ, ലത്തീൻ കത്തോലിക്കാ ആർച്ച് ബിഷപ്പ് സൂസപാക്യം, മാർത്തോമ്മാ സഭാ ബിഷപ്പ് ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പൊലീത്ത, ഓർത്തഡോക്സ് സഭാ ബിഷപ്പ് ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, യാക്കോബായ സഭാ ബിഷപ്പ് മാത്യൂസ് മാർ അന്തിയോസ്, പാളയം ഇമാം ഡോ. വി പി ഷുഹൈബ് മൗലവി, കോഴിക്കോട് പാളയം ഇമാം ഡോ. ഹുസൈൻ മടവൂർ, കേരള മുസ്ലിം ജമാഅത്ത് പ്രസിഡന്റ് കരമന ബയാർ, ശിവഗിരി മഠത്തിലെ സ്വാമി സൂക്ഷ്മാനന്ദ, എകലവ്യാശ്രമത്തിലെ സ്വാമി അശ്വതി തിരുനാൾ, അൽ അമീൻ ബീമാപള്ളി (കെഎൻഎം), അഷ്റഫ് കടയ്ക്കൽ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കോവിഡ് യാത്രാവിലക്ക്: 6000 കിലോമീറ്റർ സമുദ്രത്തിലൂടെ ഒറ്റയ്ക്ക് സഞ്ചരിച്ച് യുവാവ്

സൗത്ത്പോർട്ട്: കാലാവധി കഴിയാറായ വീസ പുതുക്കുന്നതിനുവേണ്ടി 6000 കിലോമീറ്റർ പസഫിക്ക് സമുദ്രത്തിലൂടെ ഒറ്റയ്ക്ക് സഞ്ചരിച്ച് യുവാവ്.

ഫ്രഞ്ച് പോളിനേഷ്യയിലെ തഹിതി ദ്വീപിൽ നിന്നാണ് ബ്രിട്ടീഷ് പൗരനായ പോൾ സ്ട്രാറ്റ്ഫോൾഡ് തെക്കൻ പസഫിക്ക് സമുദ്രത്തിലൂടെ സഞ്ചരിച്ച് ഓസ്ട്രേലിയയിൽ എത്തിയത്. കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ യാത്രാവിലക്ക് മൂലം തഹിതിയിൽ കുടുങ്ങിപ്പോവുകയായിരുന്നു. എന്നാൽ താമസ വീസ പുതുക്കുന്നതിന് വേണ്ടിയാണ് അദ്ദേഹം ഒരു മാസത്തോളം നീണ്ടുനിന്ന ഇത്തരമൊരു സാഹസത്തിന് മുതിർന്നത്.

41 കാരനായ പോൾ സ്ട്രാറ്റ്ഫോൾഡ് പ്രൊഫഷണൽ നാവികനാണ്. എന്നാൽ ഇത്തരത്തിലൊരു യാത്ര ഇതിന് മുമ്പ് നടത്തിയിരുന്നില്ല. 50 അടി നീളമുള്ള ബോട്ടാണ് പോൾ ഈ സാഹസത്തിനായി തിരഞ്ഞെടുത്തത്. 6,000 കിലോമീറ്റർ (3,700 മൈൽ) നീണ്ട യാത്രക്കിടെ നിരവധി പ്രശ്നങ്ങളും നേരിടേണ്ടി വന്നതായി അദ്ദേഹം പറയുന്നു. കൊടുങ്കാറ്റിനെ തുടർന്ന് രണ്ട് ദിവസം ബോട്ടിന് സാരമായ കേടുപാടുകൾ സംഭവിച്ചു. കൂട്ടിയിടി സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടി 40 മിനിറ്റിൽ കൂടുതൽ ഉറങ്ങിയില്ല. തനിക്ക് വീട്ടിലെത്താനുള്ള ഒരേയൊരു മാർഗമായിരുന്നു ബോട്ട് യാത്രയെന്ന് ജൂലൈ മൂന്നിന് ഓസ്ട്രേലിയയിലെ സൗത്ത് പോർട്ടിലെത്തിയ ശേഷം അദ്ദേഹം ഒരു അഭിമുഖത്തിൽ പറഞ്ഞു.

കോവിഡ് പ്രതിസന്ധിയെ തുടർന്ന് കഴിഞ്ഞ രണ്ട് വർഷമായി ഓസ്ട്രേലിയ, ന്യൂസിലാന്റ് തുടങ്ങിയ രാജ്യങ്ങളിലെ പതിനായിരക്കണക്കിന് പൗരന്മാർ വിദേശത്ത് കുടുങ്ങിക്കിടക്കുകയാണ്.

യാത്രാവിലക്കുകളും നിയന്ത്രണങ്ങളും നിലനിൽക്കുന്നതിനാൽ ഇവർക്ക് തിരിച്ചെത്താൻ കഴിഞ്ഞിട്ടില്ല, കോവിഡ് വ്യാപനത്തെ തുടർന്ന് നിർത്തിവച്ചിരുന്ന മെൽബൺ വിമാനത്താവളത്തിലെ അന്താരാഷ്ട്ര സർവിസുകൾ കഴി!ഞ്ഞ ദിവസം ആരംഭിച്ചെങ്കിലും ശക്തമായ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആഴ്ചയിൽ 3000 യാത്രക്കാർക്ക് മാത്രമേ വിദേശത്ത് നിന്ന് രാജ്യത്തേക്ക് പ്രവേശിക്കാൻ അനുമതിയുള്ളൂ. ഹോട്ടൽ ബുക്കിങ്ങും നിർത്തിവച്ചിട്ടുണ്ട്.

# റഷ്യയിൽ സർവകലാശാലാ ക്യാമ്പസിൽ വെടിവയ്പ്: എട്ട് മരണം

മോസ്കോ: റഷ്യയിൽ സർവകലാശാലാ ക്യാമ്പസിലുണ്ടായ വെടിവയ്പിൽ എട്ടു പേർ മരിച്ചു. ഇരുപതിലേറെ പ്പേർക്കു പരിക്കേറ്റു. മോസ്കോയിൽ നിന്നും 1300 കിലോമീറ്റർ അകലെയുള്ള പേം സർവകലാശാലയിൽ ഇന്നലെ ഉച്ചയോടെയാണ് സംഭവം. തിങ്കളാഴ്ച രാവിലെ കറുത്ത വേഷവും ഹെൽമറ്റും ധരിച്ച് തോക്കേന്തിയെത്തിയ അക്രമി മറ്റ് വിദ്യാർഥികൾക്ക് നേരെ നിറയൊഴിക്കുകയായിരുന്നു.

സർവകലാശാലയിലെ വിദ്യാർത്ഥി തന്നെയായ അക്രമിയെ പിന്നീട് സുരക്ഷാ ഉദ്യോഗസ്ഥർ പിടികൂടി. ഇയാളെ ഗുരുതര കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന പൊലീസ് വിഭാഗത്തിന് കൈമാറി. തനിച്ചാണ് കൃത്യം നടത്തിയതെന്നും മറ്റ് സഹായങ്ങളൊന്നും ലഭിച്ചിട്ടില്ലെന്നും പൊലീസ് പറഞ്ഞു. സംഭവത്തിന് തൊട്ടുമുമ്പ് സോഷ്യൽ മീഡിയയിൽ താൻ ഏറെക്കാലമായി ആഗ്രഹിക്കുന്ന സംഭവം നടക്കാൻ പോകുന്നതായി ഇയാൾ കുറിച്ചിരുന്നു. ഭീകര സംഘടനകളുമായോ മറ്റ് മതസംഘടനകളുമായോ ബന്ധമൊന്നും കണ്ടെത്തിയിട്ടില്ല. കുറഞ്ഞ പ്രഹരശേഷിയുള്ള എയർഗൺ രൂപമാറ്റംവരുത്തി നിർമ്മിച്ച തോക്കുപയോഗിച്ചാണ് വെടിയുതിർത്തതെന്നും പൊലീസ് പറഞ്ഞു.

13000 ത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന സർവകലാശാലയിൽ സംഭവസമയത്ത് 3000 ത്തോളം പേരാണ് ഉണ്ടായിരുന്നത്. വിദ്യാർത്ഥികളും അദ്ധ്യാപകരും മറ്റ് ജീവനക്കാരും മുറികൾക്കുള്ളിൽ അടച്ചിരുന്നതിനാൽ കൂടുതൽ അത്യാഹിതം ഒഴിവായി. അക്രമിയിൽ നിന്നും രക്ഷപെടാൻ ചില വിദ്യാർത്ഥികൾ മുകൾനിലയിലെ ജനാലയിലൂടെ പുറത്തേക്കു ചാടുന്നതിന്റെ വീഡിയോദൃശ്യങ്ങൾ പുറത്തുവന്നു. മെയ് മാസത്തിൽ കസാനിലെ സ്കൂളിലുണ്ടായ വെടിവയ്പിൽ ഒമ്പതുപേർ കൊല്ലപ്പെട്ടിരുന്നു.

# ഐഎസ്ആർഒ ചാരക്കേസ്: പ്രതികളുടെ മുൻകൂർ ജാമ്യം റദ്ദാക്കണമെന്ന് സിബിഐ

ന്യൂഡൽഹി: ഐഎസ്ആർഒ ചാരക്കേസിലെ ഗൂഢാലോചനയിൽ പ്രതികളായവരുടെ മുൻകൂർ ജാമ്യം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് സിബിഐ സുപ്രീം കോടതിയെ സമീപിച്ചു. പ്രതികളായ എസ് വിജയൻ, തമ്പി എസ് ദുർഗ്ഗാദത്ത്, പിഎസ് ജയപ്രകാശ് എന്നിവരുടെ മുൻകൂർ ജാമ്യവും റദ്ദാക്കണമെന്നും സിബിഐ സുപ്രീംകോടതിയോട് ആവശ്യപ്പെട്ടു. ദേശീയ പ്രാധാന്യമുള്ള കേസിലെ വസ്തുതകൾ കണ്ടെത്താൻ പ്രതികളെ കസ്റ്റഡിയിൽ ചോദ്യം ചെയ്യണമെന്നും സിബിഐ വ്യക്തമാക്കി.

ആർ ബി ശ്രീകുമാർ ഉൾപ്പടെയുള്ള പ്രതികൾക്ക് എതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്നത് ഗുരുതരമായ ആരോപണങ്ങളാണെന്ന് സുപ്രീം കോടതിയിൽ നൽകിയ ഹർജിയിൽ സിബിഐ ആരോപിച്ചിട്ടുണ്ട്. പ്രതികൾ ജാമ്യത്തിൽ കഴിയുന്നത് അന്വേഷണത്തിന്റെ വേഗതയെ ബാധിക്കും. പല സാക്ഷികളും മൊഴി നൽകാൻ തയ്യാറാകില്ല എന്നും സിബിഐ ഹർജിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിഎസ്എസ് സിയിൽ കമാൻഡന്റ് ആയിരുന്ന കാലഘട്ടം മുതൽ ആർ ബി ശ്രീകുമാറിന് തന്നെ അറിയാമായിരുന്നു എന്ന് നമ്പി നാരായണൻ സിബിഐ ഉദ്യോഗസ്ഥർക്ക് മൊഴി നൽകിയിട്ടുണ്ട്. അടുത്ത ഒരു ബന്ധുവിന് ജോലി നൽകണം എന്ന ശ്രീകുമാറിന്റെ ആവശ്യം നിരസിച്ചതിനാൽ തന്നോട് വ്യക്തി വൈരാഗ്യം ഉണ്ടായിരുന്നു എന്നും മൊഴി നൽകിയിട്ടുണ്ട്. ശ്രീകുമാർ ഭീഷണി പെടുത്തിയിരുന്നതായും സിബിഐ ഡി വൈ എസ് പി സുനിൽ സിങ് റാവത്തിന്റെ നേതൃത്വത്തിൽ ഉള്ള സംഘത്തോട് നമ്പി നാരായൺ പറഞ്ഞിരുന്നു. ഈ ആരോപണം തെളിയിക്കാൻ ശ്രീകുമാറിനെ കസ്റ്റഡിയിൽ ചോദ്യം ചെയ്യണമെന്നാണ് സിബിഐ യുടെ നിലപാട്.

ഗൂഢാലോചന കേസിലെ ഏഴാം പ്രതിയാണ് ആർ ബി ശ്രീകുമാർ. എസ് വിജയൻ ഒന്നാം പ്രതിയും, തമ്പി എസ് ദുർഗാദത്ത് രണ്ടാം പ്രതിയും, പി എസ് ജയപ്രകാശ് പതിനൊന്നാം പ്രതിയുമാണ്.




തേവലക്കര തെക്കുംഭാഗം കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്യുന്ന മന്ത്രി റോഷി അഗസ്റ്റിൻ

# എല്ലാ വീടുകളിലും ശുദ്ധജലം ലക്ഷ്യം : മന്ത്രി റോഷി അഗസ്റ്റിൻ

എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. തേവലക്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ ചേർന്ന് നടപ്പാക്കിയ തേവലക്കര തെക്കുംഭാഗം കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഈ വർഷം തന്നെ 14 ലക്ഷം ശുദ്ധജല കണക്ഷനുകൾ നൽകും. ഗുണനിലവാരം ഉറപ്പു വരുത്തുന്ന കുടിവെള്ളം ലഭ്യമാക്കാനായി പ്രത്യേകം തുക വകയിരുത്തിയതായും മന്ത്രി പറഞ്ഞു.

മരിയാടിമുക്കിൽ 2.79 കോടി രൂപ ചെലവാഴിച്ചാണ് 6.5 ലക്ഷം ലിറ്റർ ജല സംഭരണിയും 1220 മീറ്റർ ഡി.ഐ. പൈപ്പ് ലൈൻ പദ്ധതിയും പൂർത്തിയാക്കിയത്. കൂടാതെ 4358 കുടുംബങ്ങൾക്ക് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി രൂപ ചെലവഴിച്ച് നൽകുന്ന ഗാർഹിക കണക്ഷനുള്ള 75 കിലോമീറ്റർ ദൈർഘ്യം വരുന്ന പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെയും നിർമ്മാണ ഉദ്ഘാടനവും ഇതോടൊപ്പം നിർവഹിച്ചു.

എം.എൽ.എ ഡോ. സുജിത് വിജയൻപിള്ള അധ്യക്ഷനായി. എൻ. കെ. പ്രേമചന്ദ്രൻ എം. പി. മുഖ്യാതിഥിയായി പങ്കെടുത്തു. തേവലക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സിന്ധു, ജല അതോറിറ്റി സൂപ്രണ്ട് പ്രകാശ് ഇടിക്കുള, ജല അതോറിറ്റി ടെക്നിക്കൽ മെമ്പർ ജി. ശ്രീകുമാർ, ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പശ്ശേരി, വൈസ് പ്രസിഡന്റ് സോഫിയ സലാം, തേവലക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാനവാസ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാ ാരായ ജോസ് വിമൽരാജ്, ബിന്ദു മോൾ, പി ഫിലിപ്പ്, ഫാത്തിമാ കുഞ്ഞ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സുമയ്യ അഷറഫ്, സജി അനിൽ തുടങ്ങിയവർ പങ്കെടുത്തു. അസിസ്റ്റന്റ് എൻജിനീയർ അബ്ദുൽ റഹീം, കരാറുകാരൻ ശിവപ്രസാദ് എന്നിവർക്ക് മെമെന്റോ നൽകി ആദരിച്ചു.

# 'ആണവയുദ്ധത്തിനു കളമൊരുക്കും' മുങ്ങിക്കപ്പൽ കരാറിനെക്കുറിച്ച് ഉത്തരകൊറിയ

സിയൂൾ: ഓസ്ട്രേലിയയ്ക്ക് യുഎസിൽ നിന്ന് ആണവമുങ്ങിക്കപ്പൽ ലഭ്യമാകുന്ന പ്രതിരോധകരാറിനെതിരേ ഉത്തരകൊറിയയും.

ഏഷ്യാപസഫിക് മേഖലയിലെ മേധാവിത്വം ചോദ്യംചെയ്യപ്പെടും എന്നതിനാൽ ചൈനയും, ഓസ്ട്രേലിയയുമായുള്ള മുങ്ങിക്കപ്പൽ നിർമാണ കരാർ നഷ്ടമായതിൻറെ പേരിൽ ഫ്രാൻസും ഇടഞ്ഞുനിൽക്കുന്നതിനിടെയാണ് ഉത്തരകൊറിയയുടെ രംഗപ്രവേശം.

കരാർ അതീവ അപകടകരമാണെന്ന് ഉത്തരകൊറിയൻ വിദേശകാര്യമന്ത്രാലയം കുറ്റപ്പെടുത്തി. ഔദ്യോഗികമാധ്യമത്തിൽ പേരുവെളിപ്പെടുത്താത്ത ഒരു ഉദ്യോഗസ്ഥനാണ് കരാറിനെ ഇഴകീറി പരിശോധിച്ചുള്ള ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഏഷ്യാപസഫിക് മേഖലയിലെ സുരക്ഷാക്രമത്തെ കരാർ നശിപ്പിക്കുമെന്നും ആണവായുധങ്ങളുടെ പേരിൽ രാജ്യങ്ങൾ തമ്മിലുള്ള മത്സരത്തിനു കളമൊരുക്കുമെന്നും ലേഖനം കുറ്റപ്പെടുത്തുന്നു. ഇടപാടിനെക്കുറിച്ച് ഉത്തരകൊറിയ വിശദമായി പഠിക്കുകയാണ്. രാജ്യസുരക്ഷയ്ക്ക് ഏതെങ്കിലും തരത്തിൽ ഭീഷണിയുയർന്നാൽ ആ ഘട്ടത്തിൽ ആവശ്യമായ രീതിയിൽ പ്രതിരോധിക്കുമെന്ന മുന്നറിയിപ്പും ഉണ്ട്. കഴിഞ്ഞയാഴ്ചയാണ് ഓസ്ട്രേലിയയും ബ്രിട്ടനും യുഎസും ചേർന്നുള്ള ത്രികക്ഷി കരാർ നിലവിൽവന്നത്. മുങ്ങിക്കപ്പലുകളുടെ നിർമാണത്തിന് ഫ്രാൻസുമായി നേരത്തെ ഒപ്പുവച്ച കരാർ റദ്ദാക്കിയാണ് ഓസ്ട്രേലിയ യുഎസിനൊപ്പം ചേർന്നത്.

ഓസ്ട്രേലിയയുടെ തീരുമാനം പിന്നിൽനിന്നുള്ള കുത്താണെന്ന് പ്രതികരിച്ച ഫ്രാൻസ് യുഎസിലെയും ഓസ്ട്രേലിയയിലെയും അംബാസഡർമാരെ തിരിച്ചുവിളിക്കുകയും ചെയ്തു. അന്തർവാഹിനികൾ വാങ്ങുന്നതിനായി ഓസ്ട്രേലിയ 2016ലാണ് ഫ്രാൻസുമായി കരാറിൽ ഒപ്പുവച്ചത്.

# ആശങ്കകളുടെ റൺവേയിൽ ശബരിമല വിമാനത്താവളം

ന്യൂഡൽഹി: ആറൻമുളയിലും ചെറുവള്ളി എസ്റ്റേറ്റിലും വിമാനത്താവളത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് മുന്നിൽ വെല്ലുവിളികൾ.

ശബരിമല വിമാനത്താവളം സംബന്ധിച്ചു കേരള സർക്കാർ ചുമതലപ്പെടുത്തിയ ലൂയി ബർഗർ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ച ടെക്നിക്കൽ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിലും അനുബന്ധ രേഖകളിലും സ്ഥലം സർവേയറോ കെഎസ്ഐഡിസി അധികൃതരോ ഒപ്പു വച്ചിട്ടില്ല.

നിർദിഷ്ട സ്ഥലത്ത് റൺവേ വികസനം സാധ്യമല്ലെന്ന് സുരക്ഷാ വെല്ലുവിളികളുണ്ടെന്നും ഡിജിസിഎയുടെ എയറോഡ്രോം സ്റ്റാൻഡേർഡ് ഡയറക്ടറേറ്റ് ഡയറക്ടർക്കു വേണ്ടി ഡെപ്യൂട്ടി ഡയറക്ടർ മനോജ് കുമാർ ഗാർഗ് വ്യോമയാന മന്ത്രാലയത്തിനു നൽകിയ സൈറ്റ് ക്ലിയറൻസ് അപ്രൂവൽ റിപ്പോർട്ടിൽ മുന്നറിപ്പു നൽകുന്നു.

നിർദിഷ്ട വിമാനത്താവളത്തിന് 2700 മീറ്റർ ദൈർഘ്യത്തിൽ റൺവേ നിർമിക്കുന്നതിനായി കണ്ടെത്തിയ സ്ഥലത്തിൻറെ കാര്യത്തിലും ഡിജിസിഎ നൽകിയ റിപ്പോർട്ടിൽ കടുത്ത വിയോജിപ്പ് രേഖപ്പെടുത്തുന്നു.

അതിനു പുറമേ, ശബരിമല വിമാനത്താവളത്തിന് പ്രതിരോധ മന്ത്രാലയം അന്തിമ അനുമതി നൽകിയിട്ടില്ലെന്നാണ് വിവരം. എയർപോർട്സ് അഥോറിറ്റി ഓഫ് ഇന്ത്യക്കും നിർദിഷ്ട വിമാനത്താവളത്തിനായി കണ്ടെത്തിയ സ്ഥലത്തിൻറെ കാര്യത്തിൽ എതിർപ്പുണ്ട്.

കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൻറെ നിർദേശത്തിൻറെ അടിസ്ഥാനത്തിലാണ് എയർപോർട്സ് അഥോറിറ്റി ഓഫ് ഇന്ത്യയും ഡിജിസിഎയും ഇക്കാര്യത്തിൽ നിർണായക വിവരം നൽകിയത്. കഴിഞ്ഞ ജൂലൈ 19നാണ് വ്യോമയാന മന്ത്രാലയം ഡിജിസിഎയുടെ റിപ്പോർട്ട് തേടി കത്തു നൽകിയത്.

ചെറുവള്ളി എസ്റ്റേറ്റിൽ നിർമിക്കാനിരിക്കുന്ന നിർദിഷ്ട വിമാനത്താവളം തേനി കൊട്ടാരക്കര ദേശീയ പാതയിൽ നിന്ന് 2.5 കിലോമീറ്റർ അകലെയും കോട്ടയം ജില്ലയിലെ എരുമേലി ടൗണിനോട് ചേർന്നുമാണ്.

മാത്രമല്ല പദ്ധതി പ്രദേശം യുടിഎം കോഒർഡിനേറ്റ് സോണിൽ പെടുന്നതുമാണ്. അതുകൊണ്ടുതന്നെ കാറ്റിൻറെ ഗതിയും വേഗവും ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർണായകമാണ്. നിർദിഷ്ട സ്ഥലം കുന്നിൻ പ്രദേശവും റബർ തോട്ടങ്ങളാൽ നിബിഡവുമാണ്. അതുകൊണ്ടു മുകളിൽ നിന്നുള്ള വീക്ഷണം കോഴിക്കോട്, മംഗാലപുരം വിമാനത്താവളങ്ങൾക്കു സമാനമാണ്.

ആറൻമുളയിൽ സ്ഥലപരിമിതി മൂലം ഒരു ടേബിൾ ടോപ്പ് റൺവേ തന്നെയായിരിക്കും ഉണ്ടാകിനിടയുള്ളത്. അനുമതി നൽകുകയാണെങ്കിൽ തന്നെ മേൽപ്പറഞ്ഞ രണ്ടു വിമാനത്താവളങ്ങളിലെയും അപകടസാധ്യതകൾകൂടി മുന്നിൽക്കണ്ടു വേണമെന്നാണ് ഡിജിസിഎ നൽകുന്ന മുന്നറിയിപ്പ്.

എരുമേലി സൗത്ത്, മണിമല ഗ്രാമങ്ങളെ വിമാനത്താവളത്തിൻറെ പ്രവർത്തനം പ്രതികൂലമായി ബാധിക്കും. ഒരു ക്രൈസ്തവ ദേവാലയം, രണ്ടു ക്ഷേത്രങ്ങൾ, ഒരു മോസ്ക്, ഒരാശുപത്രി എന്നിവയും നീക്കം ചെയ്യേണ്ടി വന്നേക്കാം. മാത്രമല്ല, കരിക്കാട്ടൂർ റിസർവ് വനപ്രദേശത്തോടു ചേർന്നുള്ള സ്ഥലമായതിനാൽ മേഖലയിലെ വന്യജീവി ആവാസ വ്യവസ്ഥയും പരിഗണിക്കേണ്ടി വരും. ശബ്ദമലിനീകരണ പരിധിക്കുള്ളിൽ ജനവാസ കേന്ദ്രങ്ങളുണ്ടെന്നും ഡിജിസിഎ ചൂണ്ടിക്കാട്ടുന്നു.

ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾ സംബന്ധിച്ച നയത്തിൻറെ 8.1 (എ) ഖണ്ഡികയിൽ പറയുന്നതു പ്രകാരം സിവിലിയൻ എയർപോർട്ടിൻറെ 150 കിലോമീറ്റർ വ്യോമപരിധിയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം പാടില്ലെന്നാണ്. കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ നിന്നുള്ള ദൂരം കണക്കാക്കുന്പോൾ ആറൻമുളയിൽ ഈ നയം നിർദേശിക്കുന്ന ദൂരപരിധിക്കുള്ളിലാണ് നിർദിഷ്ട വിമാനത്താവളം വരുന്നത്.

കൊച്ചി, തിരുവനന്തപുരം വിമാനത്താവങ്ങളുടെ കൺട്രോൾ സോണുകൾ നിർദിഷ്ട ശബരിമല വിമാനത്താവളത്തിൻറെ കൺട്രോൾ സോൺ കൂടി വരുന്പോൾ പരസ്പരം കൂടിക്കലർന്നു പോകും. വ്യോമ ഗതാഗതത്തിൽ ഏറെ പ്രധാന്യമുള്ള ഈ വസ്തുത കേരളം നൽകിയ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

എയർസ്ട്രിപ്പിൻറെ നീളവും വീതിയും ചെരിവും അടക്കം വിമാനത്താവളത്തിൻറെ ഭാവി വികസന പദ്ധതികളായ ടാക്സി ട്രാക്കിന് ഉൾപ്പെടെ സ്ഥല പരിമിതികൾ ഉണ്ട്. ലൂയി ബർഗർ നൽകിയ റിപ്പോർട്ടിൽ ഒരേ വിവരങ്ങൾ പല സ്ഥലങ്ങളിൽ പല തരത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

പ്രസ്തുത റിപ്പോർട്ട് കണക്കിലെടുത്തുകൊണ്ടു നടത്തുന്ന ഒരുതരത്തിലുള്ള ഭാവി നീക്കങ്ങൾക്കും തങ്ങൾ ഉത്തരവാദികളല്ല എന്നു ലൂയി ബർഗർ തന്നെ വ്യക്തമാക്കുന്നു. ഒരുതരത്തിലുള്ള വാഗ്ദാനമോ പ്രാതിനിധ്യമോ ഉറപ്പോ ഇല്ലാത്ത റിപ്പോർട്ടാണിതെന്നു ഡിജിസിഎ കുറ്റപ്പെടുത്തി.

വിമാനത്താവളത്തിൻറെ സംയോജിത ഒഎൽഎസ് ഡയഗ്രം റിപ്പോർട്ടിൽ നൽകിയിരിക്കുന്നത് മനസിലാക്കാൻ ഏറെ പ്രയാസകരമാണ്. കൂടുതൽ വ്യക്തത വരുത്തുന്ന അനുബന്ധ രേഖകളും കേരളം നൽകിയ റിപ്പോർട്ടിൽ ഇല്ലെന്നും ഡിജിസിഎ ചൂണ്ടിക്കാട്ടുന്നു.

# അഖില ഭാരതീയ അഖാഡ പരിഷത്ത് അധ്യക്ഷൻ മഹന്ത് നരേന്ദ്രഗിരി ജീവനൊടുക്കിയ നിലയിൽ

ലക്നോ: അഖില ഭാരതീയ അഖാഡ പരിഷത്ത് അധ്യക്ഷൻ മഹന്ത് നരേന്ദ്രഗിരി(72) ജീവനൊടുക്കിയ നിലയിൽ. ഉത്തർപ്രദേശിലെ പ്രയാഗ്രാജിലെ മഠത്തിനുള്ളിൽ തൂങ്ങി മരിച്ച നിലയിലായിരുന്നു.

അടച്ചിട്ട മുറിയിൽ നൈലോൺ കയറിൽ തൂങ്ങിയ നിലയിലായിരുന്നു മൃതദേഹം. മുറിയിൽ നിന്നും ആത്മഹത്യാകുറിപ്പ് കണ്ടെത്തിയെന്നും കുറിപ്പിൽ ചിലരുടെ പേരുകളുണ്ടെന്നും റിപ്പോർട്ടുണ്ട്.

മരണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, സമാജ്വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് എന്നിവർ അനുശോചനം അറിയിച്ചു.

# ഐഎസ്ഐക്കു വിവരങ്ങൾ കൈമാറിയ ചാരനെ പിടികൂടി

ബംഗളൂരു: പാക്കിസ്ഥാൻറെ ചാരസംഘടനയായ ഐഎസ്ഐക്കു ബംഗളൂരുവിലെയും അതിർത്തിയിലെയും സുപ്രധാന സ്ഥാപനങ്ങളെക്കുറിച്ചു വിവരം കൈമാറിയ രാജസ്ഥാൻ സ്വദേശിയെ പിടികൂടി. ജിതേന്ദർ സിംഗ് ആണു പിടിയിലായത്.

ബംഗളൂരുവിലെ ജോളി മൊഹല്ലയിൽനിന്ന് സതേൺ കമാൻഡ് മിലിട്ടറി ഇൻറലിജൻസ്, ബംഗളൂരു സെൻട്രൽ ക്രൈം ബ്രാഞ്ച് എന്നിവ സംയുക്തമായാണു പാക് ചാരനെ പിടികൂടിയത്.

ബംഗളൂരുവിൽ തുണിവില്പനക്കാരനായി ജോലി ചെയ്യുകയായിരുന്നു ബാർമേർ സ്വദേശിയായ ജിതേന്ദർ. ഐഎസ്ഐയുമായി നിരന്തരം ബന്ധം പുലർത്തിയിരുന്നു. ബംഗളൂരുവിലും അന്താരാഷ്ട്ര അതിർത്തിയിലുമുള്ള സുപ്രധാന സ്ഥാപനങ്ങളുടെ ചിത്രങ്ങളും വിവരങ്ങളും ജിതേന്ദർ ഐഎസ്ഐക്കു കൈമാറിയിരുന്നു.

# കേരള ഫുട്ബാളിനെ ഉയരത്തിലെത്തിക്കാൻ അഖിലേന്ത്യാ ഫുട്ബാൾ ഫെഡറേഷനുമായി ധാരണ: മന്ത്രി

കേരള ഫുട്ബാളിനെ ഉയരത്തിലെത്തിക്കാൻ അഖിലേന്ത്യാ ഫുട്ബാൾ ഫെഡറേഷനുമായി ധാരണയായതായി കായിക മന്ത്രി വി. അബ്ദുറഹിമാൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അടുത്ത സീസണിലെ സന്തോഷ് ട്രോഫി ഫൈനൽ റൗണ്ട് മത്സരങ്ങൾ മഞ്ചേരി സ്റ്റേഡിയത്തിൽ നടത്തുമെന്നും മന്ത്രി അറിയിച്ചു. വെസ്റ്റിൻഡീസുമായുള്ള ട്വന്റി ട്വന്റി മത്സരങ്ങളിലൊന്ന് കേരളത്തിന് അനുവദിക്കുമെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

അണ്ടർ 16 ഫുട്ബാൾ ക്യാമ്പ് കേരളത്തിൽ നടത്താനും ധാരണയായിട്ടുണ്ട്. വനിതാ ഫുട്ബാൾ ടീമിന് കൂടുതൽ പ്രോത്സാഹനം നൽകും. ബീച്ച് ഫുട്ബാളിനെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിയും കേരളത്തിൽ നടപ്പാക്കും. പഞ്ചായത്ത് തലം മുതൽ ഫുട്ബാൾ മത്സരങ്ങളും കോച്ചിംഗ് ക്യാമ്പുകളും സംഘടിപ്പിക്കും. ഇത് ഘട്ടം ഘട്ടമായി സംസ്ഥാനതലത്തിലേക്ക് ഉയർത്തി ലീഗ് മത്സരങ്ങൾ നടത്തും. തൃശൂരും കോഴിക്കോടും റീജ്യണൽ കായിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതോടെ കൂടുതൽ കായിക താരങ്ങൾക്ക് നിയമനം നൽകാനാവും. കേരളത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര കായിക മന്ത്രിക്ക് നേരിട്ട് നിവേദനം നൽകുമെന്ന് മന്ത്രി അറിയിച്ചു.

ഒക്ടോബർ മുതൽ എല്ലാ പഞ്ചായത്തിലും സ്പോർട്സ് കൗൺസിൽ നിലവിൽ വരും. തകർന്നു കിടക്കുന്ന സ്റ്റേഡിയങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു കമ്പനിക്ക് രൂപം നൽകിയിട്ടുണ്ട്. എല്ലാ വർഷവും സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണി നടത്തും. കോവിഡാനന്തര കാലത്ത് കളിക്കളങ്ങളെ കൂടുതൽ സജീവമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിദേശ ടീമുകളെ പങ്കെടുപ്പിച്ച് ഫുട്ബാൾ മത്സരം നടത്തുന്നത് സംബന്ധിച്ചും ചർച്ചകൾ നടക്കുന്നു. അഖിലേന്ത്യാ ഫുട്ബാൾ ഫെഡറേഷൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി അഭിഷേക് യാദവും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ഡെങ്കിപനി ആവർത്തനം അപകടം ഡി. എം. ഒ

ഡെങ്കിപനിബാധ ആവർത്തിക്കുന്നത് അതീവ അപകടരമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. ശ്രീലത. ഇടവിട്ട് മഴ പെയ്യുന്ന സാഹചര്യത്തിൽ പകർച്ചാ സാധ്യത കൂടുതലാണ്. ഡെങ്കിപനിയുടെ വൈറസ് ഒന്നാം വകഭേദം ബാധിച്ചവർക്ക് രണ്ടാം വകഭേദമായ ഡെൻവ് പിടിപെട്ടാൽ മരണ സാധ്യത 200 ശതമാനമാണ്.

അതു കൊണ്ട് അടിയന്തര ചികിത്സ തേടണം. റബ്ബർ തോട്ടങ്ങൾ മുഖ്യവാപന കേന്ദ്രമായി മാറിയിട്ടുണ്ട്. ടാർപോളിൻ, പ്ലാസ്റ്റിക് മാലിന്യം, വീടുകളുടെ ഉള്ളിൽ വളർത്തുന്ന മണി പ്ലാന്റ് പോലെയുള്ള ചെടികൾ, എന്നിവടങ്ങളിൽ തങ്ങുന്ന വെള്ളം ഉറവിടമായി മാറുന്നത് തടയണം. കൊതുകിന്റെ ജീവചക്രം പൂർത്തിയാകുന്നത് തടയാൻ ബ്രേക്ക് ദ സൈക്കിൾ ക്യാമ്പയിൻ തുടങ്ങി.

ഫോഗിംഗ് നടത്തി വരുന്നു. കൂത്താടി നശീകരണ പൊടിയും ലഭ്യമാക്കി. കൊതുക് തീനി മത്സ്യവിതരണവും തുടങ്ങി. കൊതുകിനെ തടയുന്ന മരുന്ന് പുരട്ടിയ വലകളും നൽകുന്നുണ്ട്.

വീടും പരിസരവും മാലിന്യ മുക്തമാക്കുകയാണ് പ്രധാനം. വെള്ളം കെട്ടി നിർത്താനും പാടില്ല. ഉറവിട നശീകരണം ഉറപ്പാക്കണം. പൊതു സ്ഥലങ്ങൾ, ഓഫീസുകൾ എന്നിവടങ്ങളിൽ ആഴ്ചയിലൊരിക്കൽ ശുചിയാക്കി ഉറവിടനശീകരണം നടത്തണം എന്നും ഡി. എം. ഒ ഓർമിപ്പിച്ചു.

തലവേദന, പനി, മാംസ പേശികളിൽ വേദന, നടുവ് വേദന, കണ്ണിന് പിറകിൽ വേദന, കഫമില്ലാത്ത ചുമ, ഗുരുതരമാകുന്ന ഘട്ടത്തിൽ മോണകളിൽ നിന്ന് രക്തസ്രാവം, ആർത്തവകാലത്ത് അമിചത രക്തസ്രാവം, ശരീരത്ത് രക്തം ചതഞ്ഞ പോലുള്ള അടയാളം, മൂക്കിൽ നിന്നും പല്ലിൽ നിന്നും രക്തമൊഴുക്ക്, മലത്തിനൊപ്പം രക്തം, കടുത്ത ക്ഷീണം എന്നിവയാണ് ലക്ഷണങ്ങൾ. ഇവ കണ്ടാൽ വിദഗ്ധ ചികിത്സ തേടണമെന്ന് ഡെപ്യൂട്ടി ഡി. എം. ഒ. ഡോ. ആർ. സന്ധ്യ നിർദ്ദേശിച്ചു.

# വിദ്യാകിരണം പദ്ധതി: ഒന്നരമാസത്തിനകം ഒരു ലക്ഷത്തിലധികം കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണം

വിദ്യാകിരണം പദ്ധതിയിലൂടെ ഒന്നരമാസത്തിനകം ഒരു ലക്ഷത്തിലധികം കുട്ടികൾക്ക് സമൂഹപങ്കാളിത്തത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭിച്ചു. സംസ്ഥാനത്തെ സ്കൂളുകളിൽ കൈറ്റ് വിക്ടേഴ്സ് വഴിയുള്ള ഡിജിറ്റൽ ക്ലാസുകളുടെ തുടർച്ചയായി ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കുന്നതിന് സമൂഹപങ്കാളിത്തത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുള്ള കുട്ടികളുടെ എണ്ണം ഇതോടെ 3,70,416 ആയി കുറഞ്ഞു.

വിദ്യാകിരണം പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് ജൂലൈ 26 വരെ ശേഖരിച്ച കണക്കുപ്രകാരം 4,72,445 കുട്ടികൾക്കായിരുന്നു ഉപകരണങ്ങൾ ആവശ്യമുണ്ടായിരുന്നത്. ആഗസ്റ്റ് നാലിന് പദ്ധതിയുടെ പോർട്ടൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതിനുശേഷം 1,02,029 കുട്ടികൾക്ക് ഒന്നരമാസത്തിനകം ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമായി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പോർട്ടൽ വഴിയുള്ള പർച്ചേസ് നടപടികൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ 21.5 ശതമാനം കുട്ടികൾക്കും സാമൂഹപങ്കാളിത്തത്തോടെ ഉപകരണങ്ങൾ ലഭിച്ചത് പദ്ധതിയെ പൊതുസമൂഹം നെഞ്ചേറ്റി എന്നതിന്റെ തെളിവാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

വിദ്യാകിരണം പോർട്ടൽ (ശ്യമസശ്യമിമാ.സല്യമഹ മ.ഴീ.ശി) വഴി പൊതുജനങ്ങൾക്കും കമ്പനികൾക്കും സ്കൂളുകൾ തിരിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചും ആവശ്യമുള്ള കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ സംഭാവന ചെയ്യാനാകും. ഇഷ്ടമുള്ള തുകയും പോർട്ടൽ വഴി നൽകാം. പണം നൽകുന്നവർക്ക് ആദായനികുതി ഇളവുണ്ട്. മുഴുവൻ കുട്ടികൾക്കും എത്രയും പെട്ടെന്ന് ഉപകരണങ്ങൾ ലഭ്യമാക്കി ഓൺലൈൻ ക്ലാസുകൾ ആരംഭിക്കാനുള്ള ശ്രമത്തിൽ എല്ലാവരും പങ്കാളികളാവണമെന്ന് മുഖ്യമന്ത്രി അഭ്യർഥിച്ചു.

# ഡെങ്കിപനിക്കെതിരെയും ജാഗ്രത വേണം ജില്ലാ കലക്ടർ

ഡെങ്കിപനിക്ക് കാരണമാകുന്ന വൈറസിന്റെ അപകടകരമായ വകഭേദം ഡെൻവ് 2 കണ്ടെത്തിയ സാഹചര്യത്തിൽ അതീവ ജാഗ്രതയ്ക്ക് ജില്ലാ കലക്ടർ അഫ്സാന പർവീൺ നിർദ്ദേശം നൽകി. കോർപറേഷൻ, കിഴക്കൻ മേഖല, കരുനാഗപ്പള്ളിയും പരിസരവും എന്നിവടങ്ങളിലാണ് ഡെൻവ്2 സാന്നിദ്ധ്യം. ഇവിടങ്ങളിൽ കൊതുക് നിർമാർജ്ജന പ്രവർത്തനങ്ങൾ പരമാവധി ശക്തമാക്കണം.

മഴക്കാല പൂർവ ശുചീകരണത്തിന് നേരത്തെ തുടക്കമാകാം. വെള്ളം കെട്ടി നിൽക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കണം. ഉറവിട നശീകരണം ഊർജ്ജിതമാക്കണം. മരുന്ന്തളിയും പുകയ്ക്കലും വഴി കൊതുക് സാന്ദ്രത നിയന്ത്രിക്കാനാകും. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണ അനിവാര്യമാണ്. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി. ഹരിത കേരള ശുചിത്വ മിഷനുകൾ, കുടുംബശ്രീ എന്നിവയുടെ സഹകരണം ഉറപ്പാക്കി ശുചീകരണപ്രതിരോധ നടപടികൾ കൈക്കൊള്ളണം.

കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് സർക്കാർ മേഖലയിൽ 90 ശതമാനം കടന്ന് മികച്ച നിലയിൽ പുരോഗമിക്കുന്നു. എന്നാൽ വിമുഖത കാട്ടുന്നവർക്ക് നൽകാൻ ശ്രമങ്ങൾ നടത്തണം. ബോധവത്കരണമാണ് ഇക്കാര്യത്തിൽ പ്രധാനം. സ്കൂൾ തുറക്കുന്നതിന് മുമ്പ് അധ്യാപക സമൂഹത്തിനുള്ള വാക്സിനേഷൻ പൂർത്തിയാക്കണം. പരമാവധി 10 ദിവസത്തിനകം ഇതിനുള്ള നടപടികൾ സ്വീകരിക്കണം. ആവശ്യമെങ്കിൽ ക്യാമ്പുകൾ സംഘടിപ്പിക്കണം. കോളജ് വിദ്യാർഥികൾക്കും പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പാക്കണം. അലർജിയുള്ളവരെ പരിശോധിക്കാനും ക്യാമ്പുകൾ തുറക്കാം കലക്ടർ വ്യക്തമാക്കി.

കോവിഡ് ചികിത്സ നൽകുന്ന ആശുപത്രികളിലെ സൗകര്യങ്ങളുടെ പരിശോധന തുടരുകയാണെന്ന് ഡി. എം. ഒ അറിയിച്ചു. കിടക്കകൾ, ഐ. സി. യു, വെന്റിലേറ്റർ എന്നിവയുടെ ലഭ്യത ഇതു വഴി ഉറപ്പാക്കുകയാണ്. തെറ്റായ വിവരം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടു. ഇതിനെതിരെ നടപടി സ്വീകരിക്കേണ്ടി വരുമെന്ന് കലക്ടർ പറഞ്ഞു.

# സംസ്ഥാനത്ത് 15,692 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു



കേരളത്തിൽ 15,692 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. തൃശൂർ 2504, എറണാകുളം 1720, തിരുവനന്തപുരം 1468, കോഴിക്കോട് 1428, കോട്ടയം 1396, കൊല്ലം 1221, മലപ്പുറം 1204, പാലക്കാട് 1156, ആലപ്പുഴ 1077, കണ്ണൂർ 700, പത്തനംതിട്ട 561, ഇടുക്കി 525, വയനാട് 510, കാസർഗോഡ് 222 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 89,722 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ എട്ടിന് മുകളിലുള്ള 678 തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിലായി 2507 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,96,103 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇതിൽ 4,71,399 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനിലും 24,704 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1507 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.നിലവിൽ 1,67,008 കോവിഡ് കേസുകളിൽ, 13.5 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 92 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 23,683 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 66 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 14,875 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 687 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 64 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 22,223 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 2271, കൊല്ലം 1506, പത്തനംതിട്ട 738, ആലപ്പുഴ 1507, കോട്ടയം 1482, ഇടുക്കി 889, എറണാകുളം 2730, തൃശൂർ 2369, പാലക്കാട് 1590, മലപ്പുറം 2423, കോഴിക്കോട് 2316, വയനാട് 942, കണ്ണൂർ 1079, കാസർഗോഡ് 281 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,67,008 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 43,32,897 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# നിയമസഭാ മാധ്യമ അവാർഡ്

മലയാള ഭാഷയുടെയും സംസ്ക്കാരത്തിന്റെയും പരിപോഷണത്തിന് ശക്തി പകരുന്ന മാധ്യമ പ്രവർത്തനം, പൊതുസമൂഹത്തെ സ്വാധീനിക്കുകയും സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ റിപ്പോർട്ട്, നിയമസഭാ നടപടികളുടെ റിപ്പോർട്ടിംഗ് എന്നിങ്ങനെ മൂന്ന് മേഖലകളിൽ ദൃശ്യഅച്ചടി മാധ്യമ വിഭാഗങ്ങളിലെ മികച്ച സൃഷ്ടികൾക്കായി കേരള നിയമസഭ നൽകുന്ന 'ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ്, 'ഇ.കെ.നായനാർ നിയമസഭാ മാധ്യമ അവാർഡ്, 'ജി.കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ്' എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചു.

അച്ചടിദൃശ്യമാധ്യമ വിഭാഗങ്ങൾ ഓരോന്നിനും മൂന്നു വീതം ആകെ ആറ് അവാർഡുകൾ ഉണ്ടായിരിക്കും. 50,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡുകൾ. 2020 ജനുവരി ഒന്നിനും 2020 ഡിസംബർ 31നും ഇടയിൽ പ്രസിദ്ധീകരിക്കുകയോ സംപ്രേഷണം ചെയ്യുകയോ ചെയ്തിട്ടുള്ള സൃഷ്ടികൾക്കാണ് അവാർഡ്.

അവാർഡിനായി പരിഗണിക്കേണ്ട റിപ്പോർട്ടുകളുടെ/ പരിപാടികളുടെ ആറ് പകർപ്പുകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സെപ്റ്റംബർ 30ന് വൈകിട്ട് മൂന്ന് മണിക്ക് മുൻപ് സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം33 എന്ന വിലാസത്തിൽ ലഭിക്കണം. അവാർഡിനെ സംബന്ധിക്കുന്ന നിബന്ധനകൾ, അപേക്ഷാഫോം എന്നിവ അടങ്ങുന്ന സ്കീം, വിജ്ഞാപനം എന്നിവ www.n-iy-am-a-sa-b-h-a.or-g യിൽ ലഭ്യമാണ്.

# പോളിടെക്നിക്ക് ലാറ്ററൽ എൻട്രി

ലാറ്ററൽ എൻട്രി പ്രവേശനത്തിനായി തൃശ്ശൂർ ജില്ലാ ഡിപ്ലോമ ലാറ്ററൽ എൻട്രി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഓപ്ഷൻ നൽകിയിട്ടുള്ളതുമായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കൗൺസലിംഗിന് എത്തണം.ഐ.ടി.ഐ കെ.ജി.സി.ഇ വിഭാഗത്തിൽ 23ന് രാവിലെ ഒമ്പത് മുതൽ 10 വരെ സിവിൽ എൻജിനിയറിങ് ഒന്ന് മുതൽ 15 വരെ റാങ്കുകാരും, മെക്കാനിക്കൽ എൻജിനിയറിങ് ഒന്ന് മുതൽ 51 വരെയും ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനിയറിങ് ഒന്ന് മുതൽ 91 വരെയും ഇലക്ട്രോണിക്സ് എൻജിനിയറിങ് ഒന്ന് മുതൽ 180 വരെയും കമ്പ്യൂട്ടർ എൻജിനിയറിങ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവരും എത്തണം. എച്ച്.എസ്.ഇ/വി.എച്ച്.എസ്.ഇ വിഭാഗത്തിൽ 23ന് രാവിലെ 10 മുതൽ 11 വരെ ജനറൽ, ഈഴവ, മുസ്ലിം ഉൾപ്പെടെയുള്ള എല്ലാ വിഭാഗക്കാരും ഒന്ന് മുതൽ 50 വരെ റാങ്കും, എസ്.സി ഒന്ന് മുതൽ 110 വരെയും ഇ.ഡബ്യ്യൂ.എസ് ഒന്ന് മുതൽ 70 വരെയും എൽ.എ ഒന്ന് മുതൽ 225 വരെയും ബി.എച്ച് ഒന്ന് മുതൽ 90 വരെയും റാങ്കുകാർ എത്തണം. പ്രവേശനം ലഭിക്കുന്നവർ 13,780 രൂപ ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് മുഖേനയും 2,000 രൂപ തുക ആയും ഫീസ് അടയ്ക്കണം. ലിസ്റ്റിൽ ഉൾപ്പെട്ട കോവിഡ് 19 രോഗികൾ/ക്വാറന്റീനിൽ കഴിയുന്നവർ 9048685105, 9447581736 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

# കെ. എൻ ഗോപിനാഥ് കിലെ ചെയർമാനായി ചുമതലയേറ്റു

സംസ്ഥാന സർക്കാരിന്റെ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) ചെയർമാനായി കെ.എൻ ഗോപിനാഥ് ചുമതലയേറ്റു.

NAUTICAL TIMES KERALA Thiruvananthapuram RNI.Reg,No. KERBIL/2018/77391 2021 SEPTEMBER 21 TUESDAY 4

# കേന്ദ്ര വാണിജ്യ ഉത്സവത്തിന് സംസ്ഥാനത്ത് തുടക്കം

കൊച്ചി: ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രാലയം സംഘടിപ്പിക്കുന്ന 'വാണിജ്യ സപ്താഹ്' വാരാഘോഷത്തിന് ഇന്ന് തുടക്കമാകും. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം, സ്പൈസസ് ബോർഡ്, കേരള സർക്കാർ, ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്, ജില്ലാ എക്സ്പോർട്ട് ഹബ്, കോൺഫിഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി തുടങ്ങിയവയുടെ സംയുക്ത നേതൃത്വത്തിൽ സെപ്റ്റംബർ 20 മുതൽ 26 വരെയാണ് വാണിജ്യ ഉത്സവ് എന്ന പേരിൽ സംസ്ഥാനത്തുടനീളം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നത്.

20, 21 തീയതികളിൽ എറണാകുളത്ത് മറൈൻ ഡ്രൈവിലെ താജ് ഗേറ്റ് വേ ഹോട്ടലിൽ നടക്കുന്ന ദ്വിദിന പരിപാടി കേന്ദ്ര വാണിജ്യ വ്യവസായ സഹമന്ത്രി സോം പർകാശ് ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എംപി ചടങ്ങിൽ മുഖ്യാതിഥിയാകും. ഇന്ത്യയുടെ സാമ്പത്തിക ഉയർച്ചയിൽ കേരളത്തിന്റെ പ്രാധാന്യം എന്നതാണ് പരിപാടിയുടെ മുഖ്യഇതിവൃത്തം.

24ന് തിരുവനന്തപുരത്ത് മാസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിക്കുന്ന കയറ്റുമതിക്കാരുടെയും വ്യവസായികളുടെയും കോൺക്ലേവ് കേന്ദ്രമന്ത്രി വി മുരളീധരൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്, സ്പീക്കർ എം ബി രാജേഷ് തുടങ്ങിയവർ മുഖ്യാതിഥികളായി പങ്കെടുക്കും.

## ഝാർഖണ്ഡിൽ ഏഴ് പെൺകുട്ടികൾ മുങ്ങിമരിച്ചു

റാഞ്ചി: ഝാർഖണ്ഡിൽ മതചടങ്ങിനിടെ ഏഴ് പെൺകുട്ടികൾ കുളത്തിൽ മുങ്ങിമരിച്ചു. ലത്തേഹാർ ജില്ലയിലെ ബുക്രു ഗ്രാമത്തിലാണ് സംഭവം. കർമ്മ പൂജ എന്ന ഉത്സവത്തിന്റെ ഭാഗമായി മരച്ചില്ലകൾ കുളത്തിൽ നിമജ്ജനം ചെയ്യുന്നതിനിടെയാണ് ദുരന്തമുണ്ടായതെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു.

കരാം ഡാലി എന്നറിയപ്പെടുന്ന നിമജ്ജന ചടങ്ങിനായാണ് 12 നും 20 നും ഇടയിൽ പ്രായമുള്ള പത്ത് പെൺകുട്ടികൾ കുളത്തിലെത്തിയത്. രണ്ടുപേർ കാൽ വഴുതി കുളത്തിൽ വീണതോടെ ഇവരെ രക്ഷിക്കാനുള്ള ശ്രമത്തിനിടെ മറ്റുള്ളവരും മുങ്ങുകയായിരുന്നു. മൂന്നുപേരെ രക്ഷപെടുത്തി. മരണമടഞ്ഞവരിൽ നാലുപേർ സംഭവസ്ഥലത്തുതന്നെ മരിച്ചു. മൂന്നുപേർ ആശുപത്രിയിൽ വച്ചും മരിച്ചതായി ഡപ്യൂട്ടി ഡവലപ്മെന്റ് കമ്മിഷണർ ശേഖർ വർമ്മ പറഞ്ഞു. സംഭവത്തിൽ മുഖ്യമന്ത്രി ഹേമന്ത് സോറൻ അനുശോചിച്ചു.



ഡെങ്കിപനികോവിഡ് നിയന്ത്രണം ലക്ഷ്യമാക്കി ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ചേംബറിൽ ചേർന്ന യോഗം

# ഭവനരഹിതരായവർക്കെല്ലാം വീട് ലഭ്യമാക്കാൻ ഭവനനയം രൂപീകരിക്കും: മന്ത്രി കെ രാജൻ

കോഴിക്കോട്: കേരളത്തിലെ ഭവനരഹിതരായ മുഴുവൻ പേർക്കും വീട് ലഭ്യമാക്കുന്നതിന് പുതിയ ഭവനനയം രൂപീകരിക്കുമെന്ന് റവന്യുഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ പറഞ്ഞു. സർക്കാർ ജീവനക്കാർക്കും മുതിർന്ന ഓഫീസർമാർക്കും താമസസൗകര്യമൊരുക്കുന്ന പദ്ധതിയുടെ ശിലാഫലകം അനാഛാദനവും പ്രവൃത്തി ഉദ്ഘാടനവും കോവൂർ ഇരിങ്ങാടൻ പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ അങ്കണത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ നിരവധി പേർക്കാണ് ഇന്നും സ്വന്തമായി ഭൂമിയും വീടുമില്ലാത്തത്. ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാക്കുകയാണ് ലക്ഷ്യം. ഹൗസിംഗ് ബോർഡിന്റെ ഭൂമി ഏറ്റവും പ്രയോജനനകരമായ രീതിയിൽ പാവപ്പെട്ടവർക്കും ഉപയോഗപ്പെടുത്താനാവശ്യമായ നടപടിയെടുക്കും. കേരളത്തിൽ ഡിജിറ്റൽ സർവേ വേഗത്തിൽ നടപ്പാക്കുന്നതോടെ നിലവിലെ കയ്യേറ്റ ഭൂമികളും അനധികൃത കൈവശഭൂമികളും കണ്ടെത്താൻ കഴിയും. ഡിജിറ്റൽ സർവേക്കായി 807 കോടി രൂപയാണ് ചെലവഴിക്കുന്നത്. 87 വില്ലേജുകളിൽ ഡിജിറ്റൽ സർവേ നടത്തിയിട്ടുണ്ട്. അന്യാധീനപ്പെട്ട മുഴുവൻ ഭൂമിയും തിരിച്ചെടുക്കും. പട്ടയമേളയിലൂടെ 13,530 പേരാണ് ഭൂവുടമകളായി മാറിയത്. ഇത് ചരിത്രനേട്ടമാണ്. മന്ത്രി പറഞ്ഞു.

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മെഡിക്കൽ കോളജിനടുത്ത് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കോവൂർഇരിങ്ങാടൻ പള്ളി റോഡിന് സമീപം സർക്കാർ ഉദ്യോഗസ്ഥർക്കായി ഒരുക്കുന്ന പാർപ്പിട പദ്ധതിക്കാണ് മന്ത്രി തറക്കല്ലിട്ടത്. തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിച്ചു. പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് വീഡിയോ സന്ദേശം വഴി ആശംസയർപ്പിച്ചു. തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർ കോവിൽ, പി ടിഎ റഹിം എംഎൽഎ, വാർഡ് കൗൺസിലർ ഡോ. അജിത, ഹൗസിംഗ് കമ്മിഷണർ എൻ ദേവിദാസ് വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഡിജിറ്റൽ ഹബ് നാടിന് സമർപ്പിച്ചു

കൊച്ചി: അഞ്ച് വർഷം കൊണ്ട് 15,000 സ്റ്റാർട്ടപ്പുകൾ എന്ന ലക്ഷ്യത്തിലേക്കാണ് കേരളം നീങ്ങുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള സ്റ്റാർട്ടപ്പ് മിഷൻ കൊച്ചി കളമശ്ശേരിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിൽ ആരംഭിച്ച ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ ഡിജിറ്റൽ ഹബ് നാടിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തിന്റെ ത്വരിത സാമ്പത്തിക വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുന്ന സ്റ്റാർട്ടപ്പ് രംഗത്തിന് കരുത്തുപകരാൻ വിവിധ സ്ഥലങ്ങളിൽ ഇൻകുബേഷൻ സംവിധാനവും ടെക്നോളജി ലാബുകളും ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുമ്പോൾ കണക്ടിവിറ്റിയാണ് വളരെ ശ്രദ്ധിക്കേണ്ട കാര്യം. കെ ഫോൺ പോലുള്ള പദ്ധതി ഇതിനു വേണ്ടിയാണ്.

ടെക്നോളജി ഇന്നൊവേഷൻ സോണിൽ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് ആരംഭിക്കുമ്പോൾ രണ്ടു ലക്ഷം ചതുരശ്രയടിയായിരുന്നു ശേഷി. ഡിജിറ്റൽ ഹബിന്റെ വരവോടെ അത് നാല് ലക്ഷം ചതുരശ്രയടിയിലേക്ക് വളർന്നു. സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത വായ്പ കെഎസ്‌യുഎം നൽകുന്നുണ്ട്. സ്റ്റാർട്ടപ്പ് മേഖലയിലേക് 750 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമെ കേരള ബാങ്ക്, കെഎസ്ഐഡിസി, കെഎഫ്സി, കെഎസ്എഫ്ഇ എന്നിവയുടെ വെഞ്ചർ ക്യാപിറ്റൽ കൂട്ടായ്മയിലൂടെ 250 കോടിരൂപയും ലഭ്യമാക്കും. സർക്കാരിന്റെ വികസനലക്ഷ്യങ്ങൾക്ക് സഹായകരമാകുന്ന ആശയങ്ങളുള്ള സ്റ്റാർട്ടപ്പുകൾക്കായി ഈടില്ലാതെ ഒരു കോടി രൂപവരെ വായ്പ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

വൈജ്ഞാനികസമൂഹമെന്ന നിലയിൽ സംസ്ഥാനം വളരുകയാണ്. നൂതനത്വത്തെയും സാങ്കേതിക പരിജ്ഞാനത്തെയും മാറ്റുരയ്ക്കുന്നതിന് ഇന്നൊവേഷൻ ചലഞ്ച് സംഘടിപ്പിക്കും. അതിൽ വിജയികളാകുന്നവരുടെ ആശയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള സഹായവും സർക്കാർ നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നിർമ്മിതബുദ്ധി, നൂതനത്വത്തിൽ അടിസ്ഥാനമായ നവീന സമൂഹത്തിലേക്കുള്ള യാത്രയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

നിർമ്മിതബുദ്ധി ഹബാക്കി തിരുവനന്തപുരത്തെ മാറ്റും. സോഫ്റ്റ്‌വെയർ, ഹാർഡ് വെയർ എന്നിവ ഇപ്പോഴും വിദേശരാജ്യങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നത്. ഇതിനുമാറ്റം വരുത്താൻ വിവരസാങ്കേതികവിദ്യയിൽ കുതിച്ചുചാട്ടം നടത്തണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സെമികണ്ടക്ടർ മേഖലയിൽ സർക്കാർ പ്രത്യേക ശ്രദ്ധ നൽകുകയാണെന്ന് സംസ്ഥാന വ്യവസായനിയമകയർ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. വിദ്യാർത്ഥികൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങളിലേക്ക് കടന്നുവരുന്നതിനും ആശയങ്ങൾ വാണിജ്യ ഉല്പന്നങ്ങളാക്കുന്നതിനും ഏകീകൃത നയം കൊണ്ടു വരുണമെന്ന് ചടങ്ങിൽ സംബന്ധിച്ച എം പി ഹൈബി ഈഡൻ ചൂണ്ടിക്കാട്ടി.

ഐടി സെക്രട്ടറി ബിശ്വനാഥ് സിൻഹ, ചീഫ് സെക്രട്ടറി ഡോ. വി പി ജോയി, ഇൻഫോസിസ് സഹസ്ഥാപകൻ ക്രിസ് ഗോപാലകൃഷ്ണൻ, കിഫ്ബി സിഇഒ കെഎം എബ്രഹാം, കെഎസ് യുഎം സിഇഒ ജോൺ എം തോമസ് തുടങ്ങിയവർ പങ്കെടുത്തു.

## ബാബുൽ സുപ്രിയോയും ഒടുവിൽ തൃണമൂലിൽ

കൊൽക്കത്ത: രണ്ട് മാസം മുമ്പ് നടന്ന മോഡി മന്ത്രിസഭ അഴിച്ചുപണിയിൽ കേന്ദ്ര മന്ത്രി സ്ഥാനം നഷ്ടമായ മുൻ ബിജെപി എംപി ബാബുൽ സുപ്രിയോ തൃണമൂൽ കോൺഗ്രസിൽ ചേർന്നു.

മന്ത്രിസഭയിൽ നിന്ന് പുറത്തായതിനു പിന്നാലെ താൻ രാഷ്ട്രീയം ഉപേക്ഷിക്കുകയാണെന്ന് നേരത്തെ അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ഗായകൻ കൂടിയായ ബാബുൽ സുപ്രിയോ പരിസ്ഥിതികാര്യ സഹമന്ത്രിയായിരുന്നു. അവസരങ്ങൾ വരുമ്പോൾ ഒരു തീരുമാനം എടുക്കേണ്ടി വരും. എന്റെ തീരുമാനം ഇതാണെന്ന് തൃണമൂലിൽ ചേർന്ന ശേഷം അദ്ദേഹം പറഞ്ഞു. കേന്ദ്ര മന്ത്രിസഭാ പുനസംഘടനയ്ക്ക് മുന്നോടിയായി മന്ത്രി പദവി രാജിവയ്ക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോഡി ആവശ്യപ്പെട്ടതിൽ ബാബുലിന് കടുത്ത അതൃപ്തിയുണ്ടായിരുന്നു.

തൃണമൂൽ കോൺഗ്രസ് വീണ്ടും അധികാരത്തിലെത്തിയതിനു ശേഷം പാർട്ടിയിലെത്തുന്ന അഞ്ചാമത്തെ പ്രമുഖ ബിജെപി നേതാവാണ് ബാബുൽ. കൂടുതൽ ബിജെപി നേതാക്കൾ തൃണമൂലിലേക്ക് വരുമെന്ന് പാർട്ടി വക്താവ് കുനാൽ ഘോഷ് പറഞ്ഞു. മമത ബാനർജി നിർണായക പോരാട്ടത്തിനിറങ്ങുന്ന ഭവാനിപ്പൂർ ഉപതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ബാബുൽ സുപ്രിയോയുടെ പാർട്ടി പ്രവേശനം ബിജെപിക്ക് വൻ തിരിച്ചടിയായി മാറിയിട്ടുണ്ട്.

# നാല് പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ ഇഡി അന്വേഷണം

കൊച്ചി:സംശയകരമായ സാമ്പത്തിക ഇടപാടുകളെ തുടർന്ന് സംസ്ഥാനത്തെ നാല് പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണം നടത്തുന്നു. ഇൻസ്പെക്ടർ റാങ്കിലുള്ള രണ്ട് ഉദ്യോഗസ്ഥരടക്കം നാല് പേർക്കെതിരെയാണ് ഇഡി അന്വേഷണം. കള്ളപ്പണം വെളുപ്പിക്കലുമായി ബന്ധപ്പെട്ടാണ് അന്വേഷണം നടത്തുന്നത്.

എറണാകുളം ജില്ലയിലെ തടിയിട്ടപറമ്പ് സ്റ്റേഷനിലെ എസ്എച്ച് ഒ സുരേഷ് കുമാർ, എഎസ്ഐ ജേക്കബ്, സിപിഒ ജ്യോതി ജോർജ്ജ്, കൊടകര എസ്എച്ച ഒ അരുൺ ഗോപാലകൃഷ്ണൻ എന്നിവരുടെ ഇടപാടുകൾ സംശയകരമെന്നാണ് ഇഡിയുടെ പ്രാഥമിക കണ്ടെത്തൽ. സംസ്ഥാന പൊലീസിലെ പല ഉദ്യോഗസ്ഥരും നിയമ വിരുദ്ധമായി സ്വത്തുക്കൾ വാങ്ങിക്കൂട്ടുന്നതായി പരാതികൾ ഉയർന്നിട്ടുണ്ട്.

ആരോപണ വിധേയരായ പൊലീസ് ഉദ്യോഗസ്ഥരെ കുറിച്ചുള്ള വിശദ വിവരങ്ങൾ ആവശ്യപ്പെട്ട് പൊലീസ് മേധാവിക്കും വിജിലൻസ് ഡയറക്ടർക്കും എൻഫോഴ്സ്മെന്റ് കത്തുനൽകി. ഉന്നത ഐപിഎസ് ഉദ്യോഗസ്ഥരിൽ തുടങ്ങി താഴേത്തലം വരെയുള്ള ഉദ്യോഗസ്ഥർ വരെ അഴിമതി നടത്തുന്നതായി എൻഫോഴ്സ്മെന്റിന് പരാതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് വിശദാംശങ്ങൾ തേടി എൻഫോഴ്സ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ പ്രശാന്ത് കുമാർ കത്തെഴുതിയിരിക്കുന്നത്.

കത്തിൽ സൂചിപ്പിച്ചിരിക്കുന്ന പേരുകാർക്കെതിരെ എന്തെങ്കിലും കേസുകളുണ്ടെങ്കിലോ, കള്ളപ്പണവുമായി ബന്ധപ്പെട്ട ഇടപാടുകളുണ്ടെങ്കിലോ ഉടൻ അറിയിക്കാനാണ് നിർദ്ദേശം. ഇതിന് പിന്നാലെ സംസ്ഥാന വിജിലൻസും ഇവർക്കെതിരെ അന്വേഷണം തുടങ്ങി. അതേസമയം പൊലീസിലെ കൂടുതൽ ഉദ്യോഗസ്ഥർക്കെതിരെ ഇഡിയുടെ അന്വേഷണമുണ്ടാകുമെന്നും സൂചനയുണ്ട്.

# സംയോജിത വിളവെടുപ്പാനന്തര പരിപാലനം: ധനസഹായം നൽകുന്നു

തിരുവനന്തപുരം : സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനത്തിന്റെ ഭാഗമായി ധനസഹായം നൽകുന്നു. പായ്ക്ക്ഹൗസുകൾ, പ്രീകൂളിങ് യൂണിറ്റുകൾ, ശീതീകരണമുറി, മൊബൈൽ ശീതീകരണശാല, റീഫർ വാനുകൾ, റൈപ്പനിങ് ചേമ്പർ, പ്രോസസിങ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യനിർണയത്തിന് ആനുപാതികമായാണ് സഹായധനം അനുവദിക്കുന്നത്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, 25 അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുണ്ടായിരിക്കും. സമതല പ്രദേശങ്ങളിലെ ധനസഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോരപ്രദേശങ്ങൾക്ക് 15 ശതമാനം അധിക ധനസഹായവും അനുവദിക്കും.

ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സാമ്പത്തിക വർഷത്തിൽ 10 ചില്ലറ വിപണികൾ മലയോര പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് ഏഴരലക്ഷം രൂപയും സമതല പ്രദേശങ്ങളിൽ അഞ്ചേകാൽ ലക്ഷം രൂപയും പഴം, പച്ചക്കറി ഉന്ത് വണ്ടികൾക്ക് (32 എണ്ണം) 15000 രൂപയും ശേഖരണം, തരംതിരിക്കൽ, ഗ്രേഡിങ്, പായ്ക്കിങ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ ആറു ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ എട്ടേകാൽ ലക്ഷം രൂപയും ധനസഹായമായി നൽകും. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുമായി 0471 2330856/2330867 എന്നീ നമ്പരുകളിലോ മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള, യൂണിവേഴ്സിറ്റി പി ഒ, തിരുവനന്തപുരം എന്ന വിലാസത്തിലോ mdshmkerala@yahoo.co.in എന്ന ഇമെയിൽ വിലാസത്തിലോ www.shm.kerala.gov.in എന്ന വെബ് സൈറ്റിലോ http://www.facebook.co./statehorticulturemission.kerala.1 എന്ന ഫേസ്ബുക്ക് വഴിയോ ബന്ധപ്പെടാം.

# കുഞ്ഞുങ്ങൾക്കായി പുതിയ വാക്സിൻ: ന്യുമോകോക്കൽ കോൺജുഗേറ്റ് അടുത്ത മാസം മുതൽ

തിരുവനന്തപുരം: സംസ്ഥാനത്ത് ഒക്ടോബർ മാസം മുതൽ കുഞ്ഞുങ്ങൾക്കായി പുതിയൊരു വാക്സിനേഷൻ കൂടി ആരംഭിക്കും. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായി പുതുതായി ഉൾപ്പെടുത്തിയ ന്യുമോകോക്കൽ കോൺജുഗേറ്റ് വാക്സിനാണ് (പിസിവി) അടുത്ത മാസം മുതൽ നൽകിത്തുടങ്ങുന്നത്. ന്യുമോകോക്കസ് ബാക്ടീരിയ മൂലമുണ്ടാകുന്ന ന്യുമോണിയ, മെനിൻജൈറ്റിസ് എന്നിവയിൽ നിന്നും കുഞ്ഞുങ്ങൾക്ക് ഈ വാക്സിൻ സംരക്ഷണം നൽകും.

ഒന്നര മാസം, മൂന്നര മാസം, ഒമ്പത് മാസം എന്നീ പ്രായത്തിലായി മൂന്നു ഡോസ് വാക്സിനാണ് നൽകുന്നത്. വാക്സിനേഷനായി മെഡിക്കൽ ഓഫീസർമാർക്കും ആരോഗ്യ പ്രവർത്തകർക്കുമുള്ള വിദഗ്ധ പരിശീലന പരിപാടി പുരോഗമിക്കുകയാണ്. പരിശീലനം പൂർത്തിയായാലുടൻ തന്നെ വാക്സിനേഷൻ ആരംഭിക്കും. സ്ട്രെപ്റ്റോകോക്കസ് ന്യുമോണിയ അഥവാ ന്യുമോകോക്കസ് എന്ന രോഗാണു പരത്തുന്ന ഒരു കൂട്ടം രോഗങ്ങളെയാണ് ന്യുമോകോക്കൽ രോഗം എന്ന് വിളിക്കുന്നത്. ഈ രോഗാണു ശരീരത്തിന്റെ പല ഭാഗങ്ങളിലായി വ്യാപിച്ച് പല തരത്തിലുള്ള രോഗങ്ങൾ ഉണ്ടാക്കാം. ഗുരുതരമായ ശ്വാസകോശ അണുബാധയുടെ ഒരു രൂപമാണ് ന്യുമോകോക്കൽ ന്യുമോണിയ. അഞ്ച് വയസിന് താഴെയുള്ള കുട്ടികളുടെ മരണത്തിനുള്ള ഒരു പ്രധാന കാരണം ന്യുമോകോക്കൽ ന്യുമോണിയയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

പിസിവി ഒരു സുരക്ഷിത വാക്സിനാണ്. ഏതൊരു വാക്സിൻ എടുത്തതിനുശേഷവും ഉണ്ടാകുന്നതുപോലെ കുഞ്ഞിന് ചെറിയ പനി, കുത്തിവയ്പ്പ് എടുത്ത ഭാഗത്ത് ചുവപ്പ് നിറം എന്നിവ ഉണ്ടായേക്കാം. പിസിവി നൽകുന്നതിനൊപ്പം കുഞ്ഞിന് ആ പ്രായത്തിൽ നൽകേണ്ട മറ്റു വാക്സിനുകളും നൽകുന്നതാണ്. ഒരേ സമയം വിവിധ വാക്സിനുകൾ നൽകുന്നത് കുഞ്ഞിന് തികച്ചും സുരക്ഷിതവും ഫലപ്രദവുമാണെന്നും ആരോഗ്യവകുപ്പ് അറിയിച്ചു.

## ജനപ്രതിനിധികളുടെ യോഗം 23ന്

വനമേഖലയോട് ചേർന്നുള്ള നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കലക്ടർ, വനം റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം സെപ്റ്റംബർ 23 ന് ഉച്ചയ്ക്ക് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ. നിലവിലുള്ള മനുഷ്യ വന്യജീവി സംഘർഷം, പട്ടയം സംബന്ധിച്ച പ്രശ്നങ്ങൾ മറ്റുവിഷയങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനാണ് വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരമുള്ള യോഗം.

# സാമുദായിക സൗഹാർദം നിലനിർത്താൻ എല്ലാവരും രംഗത്തിറങ്ങണം: സമസ്ത

കോഴിക്കോട്: രാജ്യത്ത് സാമുദായിക സൗഹാർദം നിലനിർത്താൻ എല്ലാവരും രംഗത്തിറങ്ങണമെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ. പാലാ ബിഷപ്പിന്റെ തെറ്റായ പ്രസ്താവനയെ ന്യായീകരിക്കുകയല്ല ചെയ്യേണ്ടത്. നർക്കോട്ടിക് ജിഹാദ് പരാമർശം നടത്തിയ ബിഷപ്പിനെ പ്രോത്സാഹിപ്പിക്കുന്ന അവസ്ഥയുണ്ടോ എന്ന് സംശയമുണ്ട്. ചില മന്ത്രിമാർ ഇത്തരം പ്രസ്താവനകളെ പ്രോത്സാഹിപ്പിക്കുകയാണെന്നും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാവാൻ പാടില്ലാത്ത നടപടിയാണിതെന്നും സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇത് സർക്കാരിന്റെ അഭിപ്രായമാണോ എന്ന് അറിയില്ല. മുഖ്യമന്ത്രി അങ്ങനെ പറയുമെന്ന് കരുതുന്നില്ല. സർക്കാരിന്റെ അഭിപ്രായമാണെങ്കിൽ അത് ശരിയല്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടത് മുഖ്യമന്ത്രിയാണെന്നും അദ്ദേഹം പറഞ്ഞു. അനുരഞ്ജനത്തിന് ആര് മുൻകൈയെടുത്താലും സ്വാഗതം ചെയ്യും. സാംസ്കാരിക പൈതൃകവും മതസൗഹാർദവും കാത്തുസൂക്ഷിക്കാൻ എല്ലാവരും ഒറ്റക്കെട്ടായി രംഗത്തിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

വാർത്താസമ്മേളനത്തിൽ സമസ്ത ജനറൽ സെക്രട്ടറി പ്രൊഫ. കെ ആലിക്കുട്ടി മുസ്ലിയാർ, സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി, അബ്ദുൽഹമീദ് ഫൈസി അമ്പലക്കടവ്, ഡോ. എൻ എ എം അബ്ദുൽഖാദർ, മുസ്തഫ മുണ്ടുപാറ, കെ മോയിൻകുട്ടി മാസ്റ്റർ എന്നിവരും സംബന്ധിച്ചു.

പാലാ ബിഷപ്പിന്റെ പ്രസ്താവന സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. ബിഷപ്പ് ഉന്നയിച്ച കാര്യങ്ങൾ പൊതുവേദിയിലല്ല പറയേണ്ടത്. അത്തരം പരാതി ഉണ്ടെങ്കിൽ സർക്കാരിനോടാണ് പറയേണ്ടത്. അത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർ ഏത് വിഭാഗത്തിൽ പെട്ടവരായാലും അവരെ ഇന്ത്യൻ ശിക്ഷാനിയമപ്രകാരം ശിക്ഷിക്കണം. വലിയ സ്ഥാനത്തിരിക്കുന്ന മതനേതാക്കൻമാരിൽ നിന്ന് മതസൗഹാർദം ഉണ്ടാക്കുന്ന വാക്കുകളാണ് സമൂഹം പ്രതീക്ഷിക്കുന്നത്. ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനികളും പരസ്പരം സൗഹാർദത്തോടെ ജീവിച്ചുവരുന്നവരാണ്. കേരളത്തിലെ ഭൂരിഭാഗം ആളുകളും മതസൗഹാർദം ആഗ്രഹിക്കുന്നവരാണ്. കേരളത്തിലെ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും വെറുപ്പോ വിദ്വേഷമോ പ്രകടിപ്പിക്കുന്നവരല്ലെന്നാണ് അനുഭവം. വിദ്യാലയങ്ങൾ ആര് നടത്തുന്നു എന്ന് നോക്കിയല്ല വിദ്യാർഥികളെ പറഞ്ഞയക്കുന്നത്. എല്ലാ സമുദായങ്ങളും നടത്തുന്ന വിദ്യാലയങ്ങളിൽ വിവിധ സമുദായത്തിലെ കുട്ടികൾ പഠിക്കുന്ന നാടാണ് കേരളം. വിദ്വേഷമുണ്ടാക്കുന്ന കാര്യങ്ങൾ പറഞ്ഞ ശേഷം പശ്ചാത്തപിച്ചിട്ട് കാര്യമില്ല. അത്തരം വാക്കുകൾ പറയാതിരിക്കാനാണ് ശ്രദ്ധിക്കേണ്ടത്. തീവ്രവാദം പറയുന്നവർ എല്ലാ കൂട്ടത്തിലുമുണ്ട്. അവരെ അടിച്ചമർത്താൻ സർക്കാർ ശ്രമിക്കണം. താമരശ്ശേരി രൂപതയുടെ വേദപാഠപുസ്തകത്തിലെ പരാമർശങ്ങൾ പിൻവലിക്കുമെന്ന ബിഷപ്പിന്റെ പ്രസ്താവനയെ സ്വാഗതം ചെയ്യുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.